മി. സ്പീക്കർ: ഓർഡർ....... ഓർഡർ.....

## കേരളപ്പിറവിയുടെ അറുപതാം വാർഷികം

കേരളപ്പിറവിയുടെ അറുപതാം വാർഷികമാണിന്ന്. മലയാളി സ്വത്വത്തിന്റെ ഭൂമിശാസ്ത്രപരമായ ഒരുമയുടെ അറുപതാണ്ട് പിന്നിടുന്ന കേരളം നേടിയ സാമൂഹ്യ മുന്നേറ്റത്തിന്റെ ചരിത്രത്തിൽ അതിനിർണ്ണായകമായ പങ്കുവഹിച്ച സഭയാണ് ഈ നിയമനിർമ്മാണസഭ. വിപ്ലവകരമായ നിരവധി നിയമനിർമ്മാണങ്ങളിലൂടെ വിസ്മയാവഹമായ മുൻകൈ എടുത്ത പാരമ്പര്യമുള്ള സഭയാണ് നമ്മുടേത്. ജാത്യാതീതവും മതാതീതവുമായ ജനകീയതിൽ അധിഷ്ഠിതമായ രാഷ്ട്രീയ സംസ്കൃതി ആഴത്തിൽ വേരുപിടിച്ച സംസ്ഥാനമാണ് കേരളം. നവോത്ഥാനം, ദേശീയ പ്രസ്ഥാനം, കർഷക തൊഴിലാളി പ്രസ്ഥാനം എന്നിങ്ങനെ വിവിധ ധാരകളിലൂടെ വളർന്നുവന്ന ജനപക്ഷ രാഷ്ട്രീയമാണ് കേരളത്തെ പുരോഗമനോന്മുഖമായി നിലനിർത്തിക്കൊണ്ടിരിക്കുന്നത്. 1921-ൽ ആരംഭിച്ച ഐക്യകേരള പ്രസ്ഥാനത്തിന് ആശയപരമായ അടിത്തറ നൽകിയ ഇ.എം.എസ്.-നെ ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. മലയാളി ദേശീയത എന്ന ആശയത്തെ അവതരിപ്പിച്ച് യുക്തിഭദ്രമായി അതിനെ

വളർത്തിയെടുത്ത അദ്ദേഹത്തിന്റെ സംഭാവന കേരളം ഈ അവസരത്തിൽ ആദരവോടെ സ്മരിക്കുന്നു. 'കേരളം മലയാളിയുടെ മാതൃഭൂമി' എന്ന ഗ്രന്ഥം ഐക്യകേരള പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറയാണ് ശക്തിപ്പെടുത്തിയത്. ആദ്യ സർക്കാർ തന്നെ കേരളത്തിന്റെ മുഖച്ഛായയും അടിത്തറയും മാറ്റിയെഴുതിയ നിരവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകി. കേരളാ മോഡൽ എന്ന് പിന്നീട് വിഖ്യാതമായ ഈ മാതൃകയ്ക്ക് അടിത്തറ പാകിയത് ആ സർക്കാരിന്റെ ഈ ദിശയിലുള്ള നിയമനിർമ്മാണങ്ങളാണ്.

1957-ലെ സർക്കാർ കേരളത്തിന്റെ തലവരി മാറ്റിയെഴുതിയ ജാതി ജന്മി നാടുവാഴിത്തമെന്ന് ഇ.എം.എസ്. വിശേഷിപ്പിച്ച പരമ്പരാഗത യാഥാസ്ഥിതിക കേരളത്തെ ആധുനിക കേരളമായി മാറ്റിപ്പണിതത് വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവുമായിരുന്നു. നിരവധിയായ നിയമനിർമ്മണ പ്രക്രിയയിലൂടെ ഉജ്ജ്വലമായ സാമൂഹ്യ മുന്നേറ്റത്തിന് ആ സർക്കാർ നേതൃത്വം നൽകി. 1956-ൽ പാർലമെന്റ് പാസ്സാക്കിയ സംസ്ഥാന പുനസംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1956 നവംബർ 1-ന്

ഭാഷാടിസ്ഥാനത്തിലുള്ള കേരള സംസ്ഥാനം രൂപംകൊണ്ടു. 1957 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കേരളത്തിൽ പൊതുതെരഞ്ഞെടുപ്പ് നടന്നു. ഏപ്രിൽ ഒന്നാം തീയതി കേരള നിയമസഭ നിലവിൽവന്നു. ഏപ്രിൽ 5-ാം തീയതി ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള 11 അംഗ മന്ത്രിസഭ അധികാരത്തിൽ വരികയുണ്ടായി. കേരള നിയമസഭയുടെ പ്രഥമ സമ്മേളനം പ്രോടെം സ്പീക്കർ റോസമ്മ പുന്നൂസിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് മന്ദിരത്തിലെ അസംബ്ലി ഹാളിൽ 1957 ഏപ്രിൽ 27-ന് രാവിലെ 8.00 മണിക്കാണ് ചേർന്നത്. ഇന്ത്യൻ നിയമനിർമ്മാണ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ എഴുതിച്ചേർത്ത മഹത്തരമെന്ന് വിശേഷിപ്പിക്കപ്പെട്ട നിരവധി നിയമങ്ങൾ കേരള നിയമസഭ എല്ലാകാലങ്ങളിലും പാസ്സാക്കിയിട്ടുണ്ട്. ഈ മഹത്തായ ചരിത്രപരമായ പ്രക്രിയക്ക് അത്യുജ്ജ്വലമായ തുടക്കം കുറിച്ചത് ഒന്നാം കേരള നിയമസഭയായിരുന്നു.

തൊഴിലാളി ക്ഷേമം മുൻനിർത്തി നിരവധി നിയമങ്ങൾ കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. രണ്ടാം കേരള നിയമസഭ പാസ്സാക്കിയ കേരള മിനിമം കൂലി നിയമം ഒരു ദിശാസൂചകമായിരുന്നു. വിവിധ നിമയനിർമ്മാണ

പ്രക്രിയകളെക്കുറിച്ച് വിശദമായി ഇവിടെ പ്രതിപാദിക്കുന്നില്ല. മൂന്നാം കേരള നിയമസഭ 27 ഒറിജിനൽ നിയമങ്ങളും 58 ഭേദഗതി നിയമങ്ങളും 17 ധനവിനിയോഗ നിയമങ്ങളും ഉൾപ്പെടെ 102 നിയമങ്ങളാണ് പാസ്സാക്കിയത്. നാലാം കേരള നിയമസഭ 226 നിയമങ്ങൾ പാസ്സാക്കി. കേരള സംസ്ഥാനത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗങ്ങളെ സംരക്ഷിക്കുന്ന നിരവധി നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആ സഭയിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയുണ്ടായി. അഞ്ചാം നിയമസഭ 87 നിയമങ്ങളാണ് പാസ്സാക്കിയത്. ആറാം നിയമസഭ 47 നിയമങ്ങൾ പാസ്സാക്കി. കേരള ചേരിപ്രദേശ പരിഷ്കരണ നിർമ്മാർജ്ജന നിയമം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു നിയമ നിർമ്മാണമായിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ ഈ മേഖലയിൽ നിയമങ്ങൾ നിർമ്മിക്കുന്നതിന് ഇത് മാതൃകയാക്കുകയുണ്ടായി. ഏഴാം നിയമസഭ 118 നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ ഇവിടെ പ്രതിപാദിക്കുന്നില്ല. എട്ടാം നിയമസഭ 129 നിയമങ്ങളാണ് പാസ്സാക്കിയത്. സ്ത്രീകളുടെ ഉന്നമനത്തിനായി നടപടികൾ സ്വീകരിക്കാനും ചൂഷണവും അടിമ മനോഭാവവും

അവസാനിപ്പിക്കാനും സ്ത്രീ പുരുഷ തുല്യത കൈവരിക്കാനും ലക്ഷ്യമിട്ട് വനിതാ കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്ത 1991-ലെ കേരള വനിതാ കമ്മീഷൻ നിയമം ചരിത്രപരമായ നിയമനിർമ്മാണമായിരുന്നു. ഒമ്പതാം നിയമസഭ 84 നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ സുപ്രധാന നിയമ നിർമ്മാണങ്ങളായിരുന്നു. പത്താം നിയമസഭ 104 നിയമങ്ങൾ പാസ്സാക്കി. 165 ബില്ലുകൾ പതിനൊന്നാം നിയമസഭയിലും പാസ്സാവുകയുണ്ടായി. പരിസ്ഥിതി സംരക്ഷണ രംഗത്ത് പതിനൊന്നാം നിയമസഭ ശ്രദ്ധേയമായ നിയമനിർമ്മാണങ്ങൾ നടത്തി. പന്ത്രണ്ടാം നിയമസഭ 138 ബില്ലുകളാണ് പാസ്സാക്കിയത്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് ചരിത്രപരമായ നിയമ നിർമ്മാണമായിരുന്നു. പുലർച്ചെ രണ്ട് മണിക്കാണ് ഈ നിയമം സഭ പാസ്സാക്കിയത്. 2011 മെയ് 14-ന് നിലവിൽവന്ന പതിമൂന്നാം നിയമസഭ 68 ബില്ലുകൾ പാസ്സാക്കുകയുണ്ടായി. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം ഭരണസുതാര്യത ഉറപ്പുവരുത്താനുള്ള സുപ്രധാന കാൽവയ്പ്പുകളിലൊന്നായിരുന്നു. 2013-ൽ

നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിയമവും ശ്രദ്ധേയമായി. വ്യത്യസ്തങ്ങളായ നിയമനിർമ്മാണങ്ങളിലൂടെ കേരളീയ സമൂഹത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് ഉജ്ജ്വലമായ സംഭാവനകൾ നൽകിയ നിയമനിർമ്മാണ സഭയാണ് ഈ സഭ. കാലം പിന്നിടുന്തോറും നിയമ നിർമ്മാണത്തിന്റെ പ്രാമുഖ്യവും പ്രാധാന്യവും കുറഞ്ഞുവരുന്നതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. ഇത് നിയമനിർമ്മാണസഭയുടെ ഒരു ദൗർബല്യമായി നാം കാണണം.

സമൂഹത്തിൽ ഭരണഘടനയുടെ സംരക്ഷണം ലഭിക്കേണ്ട പാർശ്വവൽക്കരിക്കപ്പെട്ട പല വിഭാഗങ്ങളുമുണ്ട്. അത്തരം വിഭാഗങ്ങളെ കണ്ടെത്തി നിയമസംരക്ഷണത്തിന്റെ പരിധിയിൽ കൊണ്ടുവരികയെന്ന ദൗത്യം നിർവ്വഹിക്കപ്പെടുന്നുണ്ടോയെന്ന ആത്മവിമർശനം ഈ സഭ നടത്തേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു. നിയമങ്ങൾ രൂപപ്പെടേണ്ടത് സർക്കാർ ഫയലുകളിൽനിന്നും മാത്രമല്ല, ജനാഭിലാഷങ്ങളിൽനിന്നുകൂടിയാണ്. അതിന് അവസരമൊരുക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയും ഗ്രാമസഭകളിലൂടെ ലക്ഷ്യമിടുന്ന പ്രത്യക്ഷ ജനാധിപത്യവും

യാഥാർത്ഥ്യമാകുമ്പോൾ നിയമനിർമ്മാണ പ്രക്രിയയും സുതാര്യമാകണം. അതിന്റെ സാദ്ധ്യതകൾ ആരായണം. പതിനാലാം നിയമസഭ പ്രൗഢമായ നിയമനിർമ്മാണ പാരമ്പര്യത്തിന് മകുടം ചാർത്തുന്ന തരത്തിൽ ശ്രദ്ധേയമായ നിയമനിർമ്മാണങ്ങൾ നടത്തുമെന്ന കാര്യം നിസ്തർക്കമാണ്. ലോകത്തിന് മാതൃകയായ അപൂർവ്വ സാമൂഹ്യ രൂപീകരണമാണ് കേരളത്തിൽ സംഭവിച്ചത്. വിപ്ലവകരവും മാതൃകാപരവുമായ നിയമനിർമ്മാണങ്ങൾ കേരള മോഡൽ സാദ്ധ്യമാക്കി. ഈ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാനും തുടർച്ചയും വികാസവും ഉണ്ടാക്കാനും യാഥാർത്ഥ്യബോധത്തിലൂന്നിയ നിയമനിർമ്മാണങ്ങൾ നടത്തിയെന്ന ചരിത്രദൗത്യം പതിനാലാം കേരള നിയമസഭ നിർവ്വഹിക്കും. ഈ ദിശയിൽ യോജിച്ച പ്രവർത്തനങ്ങളും സംവാദങ്ങളും ഉയർന്നുവരട്ടെയെന്ന് ചെയർ ആഗ്രഹിക്കുന്നു, ഐക്യകേരളപ്പിറവി ദിനാശംസകൾ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഐക്യകേരളത്തിന് 60 വയസ്സ് തികയുന്ന ഈ ദിനത്തിൽ അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും

പൂർണ്ണമായും യോജിക്കുകയാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ ഭരണപരമായി മൂന്നായി വിഘടിതമായി കിടന്നിരുന്ന പ്രദേശങ്ങളാകെ ഒരേ ഭാഷ സംസാരിക്കുന്നവരുടെ നാട് എന്ന നിലയിൽ ഔപചാരികമായി ഒരുമിച്ചതും ഐക്യകേരളമായി രൂപപ്പെട്ടതും 1956 നവംബർ 1-നാണ്. മലയാളികളുടെ മഹത്തായ ഒരു സ്വപ്നമാണ് അന്ന് സഫലമായതെന്ന് പറയാം. ഒരേ ഭാഷ സംസാരിക്കുന്നവരെങ്കിലും ഒരേ സംസ്കാരം പങ്കിടുന്നവരെങ്കിലും ഭരണസംവിധാനങ്ങളാൽ വിഘടിതമായി കിടന്നിരുന്ന പ്രവിശ്യകളും ജനങ്ങളും ഒരുപോലെ ആഗ്രഹിച്ചതാണ് കേരളമെന്ന തലക്കെട്ടിനുകീഴിൽ ഒരുമിക്കണമെന്ന്. ആ ആഗ്രഹത്തിന്റെ നീണ്ട പശ്ചാത്തലമുണ്ടായിരുന്നതുകൊണ്ട് ഔദ്യോഗികമെങ്കിലും വൈകാരികവുംകൂടി ആയി 1956 നവംബർ 1-നുണ്ടായ യോജിപ്പ്. മദ്രാസ് റെസിഡൻസിയുടെ ഭാഗമായിരുന്നു മലബാർ. തിരുവിതാംകൂറും കൊച്ചിയുമാകട്ടെ രാജഭരണത്തിൻ കീഴിലായിരുന്നു. ഇങ്ങനെ നോക്കിയാൽ വൈജാത്യങ്ങൾ കുറച്ചൊക്കെയുണ്ടായിരുന്നു. എന്നാൽ അവയൊക്കെ കടന്നുനിൽക്കുന്ന മലയാളത്തിന്റെ കേരളീയതയുടെ മൂല്യങ്ങൾ ജനമനസ്സുകളെ നേരത്തേതന്നെ

ഇണക്കിനിർത്തിയിരുന്നതാനം. വൈജാത്യങ്ങളെ നിഷ്പ്രഭമാക്കുന്ന യോജിപ്പുകൾ ഉണ്ടായിരുന്നുവെന്ന് ചുരുക്കം. ജനങ്ങളുടെ ആഗ്രഹപ്രകാരമുള്ള സംയോജന ശ്രമങ്ങൾ മുമ്പോട്ടുപോകുമ്പോഴും സാങ്കേതികത്വത്തിലൂന്നിയുള്ള വിഘടനവാദങ്ങൾ ശക്തിപ്പെട്ടുവന്നിരുന്നു എന്ന ചരിത്രസത്യം കാണാതിരുന്നുകൂടാ. മദിരാശി 'എ' നിലവാരത്തിലുള്ള സ്റ്റേറ്റാണെന്നും തിരുകൊച്ചിക്ക് 'ബി' നിലവാരം മാത്രമേയുള്ളൂ എന്നും 'എ' ഗ്രേഡിലുള്ള മദിരാശിയുടെ ഭാഗമായ മലബാറിനെ 'ബി' ഗ്രേഡിലുള്ളതിനോട് ചേർക്കുന്നത് ശരിയല്ലാ എന്നും മറ്റും ഉണ്ടായ വാദങ്ങൾ ഓർക്കുക. തിരുകൊച്ചിയും മദിരാശിയും ഉൾപ്പെട്ട ദക്ഷിണസംസ്ഥാനം വേണമെന്ന വാദം ഉയർന്നുവന്നതും ഓർക്കുക. ഐക്യകേരളപ്പിറവിയുടെ സാദ്ധ്യതകളെ ക്ഷീണിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം വാദങ്ങൾ ഏതൊക്കെ കേന്ദ്രങ്ങളിൽനിന്നാണ് അന്നുണ്ടായതെന്നതിലേയ്ക്ക് കടക്കാനുള്ള സന്ദർഭമല്ല വജ്രജൂബിലി ഘട്ടം. അതുകൊണ്ടുതന്നെ അതിലേയ്ക്ക് കടക്കുന്നില്ല. ചരിത്രം പൂർണ്ണമായും വിസ്മരിക്കപ്പെട്ടുകൂടായെന്നതുകൊണ്ട് ചില സൂചനകൾ നൽകാതിരിക്കുന്നില്ല എന്നുമാത്രം. ഏതായാലും ഐക്യകേരളം രൂപപ്പെടുന്നതിനുവേണ്ടിയുള്ള

ശ്രമങ്ങളിൽ തുടക്കം മുതലേ ചാഞ്ചല്യമില്ലാതെ പ്രവർത്തിച്ച ഒരു പ്രസ്ഥാനത്തിന്റെ ഭാഗമായാണ് എന്റെ രാഷ്ട്രീയ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതെന്നത് വജ്രജൂബിലി ഘട്ടത്തിൽ അഭിമാനപൂർവ്വം ഓർക്കാൻ കഴിയുന്ന ധന്യതയാണ് എനിക്ക്. സഖാവ് പി. കൃഷ്ണപിള്ളയെപ്പോലെയുള്ള നേതാക്കൾ വടക്കൻ മലബാറിലും എ.കെ.ജി.-യെയും ഇ.എം.എസ്.-നെയും പോലെയുള്ള നേതാക്കൾ തിരുകൊച്ചിയിലും പ്രവർത്തിച്ചതുകൊണ്ട് പ്രവിശ്യാ വേർതിരിവുകൾക്കതീതമായി ഉണ്ടായ വൈകാരികമായ യോജിപ്പ് ഐക്യകേരളമെന്ന സങ്കൽപ്പത്തിൽ ജനങ്ങളെയാകെ ഉറപ്പിച്ചുനിർത്തുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. മലയാളം സംസാരിക്കുന്ന മുഴുവൻ ആളുകളും ഒരൊറ്റ ജനതയെന്ന ചിന്തയിൽ ഒരുമിക്കുന്ന പ്രക്രിയയെ വലിയൊരളവിൽ അത് ശക്തിപ്പെടുത്തി. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർനിർണ്ണയമെന്ന ആവശ്യത്തിന് സ്വാതന്ത്ര്യ ലബ്ധിക്ക് വളരെ മുമ്പുമുതലുള്ള പഴക്കമുണ്ടായിരുന്നു. എന്നാൽ അന്ന് ആ ആവശ്യം ഉന്നയിച്ചവരിൽ ചിലർ മാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. പോറ്റി ശ്രീരാമലുവിന് വിശാല ആന്ധ്ര സംസ്ഥാനമെന്ന ആവശ്യം മുൻനിർത്തി നിരാഹാര സമരം നടത്തേണ്ടിവന്നത് ഈ ഘട്ടത്തിൽ

ഓർക്കേണ്ട കാര്യമാണ്. നിരാഹാരസമരത്തിലൂടെ പോറ്റി ശ്രീരാമലുവിനുണ്ടായ ജീവത്യാഗമാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണമെന്ന ആവശ്യത്തെ അനിവാര്യതയാക്കി മാറ്റിയത്. ആർക്കും പിന്മാറാൻ കഴിയാത്ത വിധത്തിലുള്ള ഒരു സാഹചര്യം ആന്ധ്രാപ്രദേശിൽ പോറ്റി ശ്രീരാമലുവിന്റെ ജീവത്യാഗത്തിന്റെ ഫലമായി ഉയർന്നുവരികയുണ്ടായി. അങ്ങനെ ആലോചിക്കുമ്പോൾ ഐക്യകേരളം രൂപപ്പെട്ടതിന് കേരളീയർ ആന്ധ്രാക്കാരനായ പോറ്റി ശ്രീരാമലുവിനുവരെ നന്ദി പറയേണ്ടതുണ്ടെന്ന് തോന്നുന്നു. ഐക്യകേരളപ്പിറവിയിലേയ്ക്ക് നയിച്ച പ്രമുഖമായ രണ്ട് സാമൂഹികധാരകളുണ്ടായിരുന്നു; അതും കാണാതിരുന്നുകൂടാ. ഒന്ന്, നവോത്ഥാന ധാര, മറ്റൊന്ന്, കർഷക സമരങ്ങളുടേതായ ധാര. കേരളത്തിൽ അന്ന് നിലനിന്നിരുന്നത് ജാതി-ജന്മി-നാടുവാഴിത്വ വ്യവസ്ഥയും അതിനെ സംരക്ഷിച്ചുനിർത്തുന്ന സാമ്രാജ്യ ആധിപത്യവുമായിരുന്നു. സാമൂഹികരംഗത്ത് ജാതിമേധാവിത്വം, സാമ്പത്തികരംഗത്ത് ജന്മിത്വം, രാഷ്ട്രീയരംഗത്ത് നാടുവാഴിത്വം ഇവയ്ക്കെല്ലാം കുടപിടിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്വം. ജന്മിത്വത്തിൽ നിന്ന് വേർപെടുത്താനാവാത്തവിധം കെട്ടുപിണഞ്ഞതാണ്

ജാതിമേധാവിത്വം. പുതിയ കേരളത്തിന്റെ പിറവി, ജന്മിത്വത്തെയും ജാതി മേധാവിത്വത്തെയും വെല്ലുവിളിച്ചുകൊണ്ടേ സാദ്ധ്യമാവുമായിരുന്നുള്ളൂ. ഇവയുടെ രണ്ടിന്റെയും സംരക്ഷകർ സാമ്രാജ്യത്വമാകയാൽ ആ വെല്ലുവിളി സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയ പോരാട്ടമായി മാറുകയും ചെയ്തു.

പുന്നപ്ര വയലാർ സമരം, കയ്യൂർ, കരിവള്ളൂർ, കാവുംപായ്, മുനിയംകുന്ന്, പാടിക്കുന്ന്, തില്ലങ്കേരി, ഒഞ്ചിയം തുടങ്ങിയ മുന്നേറ്റങ്ങൾ ജന്മിത്വത്തേയും നാടുവാഴിത്വത്തേയും അവയ്ക്ക് കുടപിടിച്ച സാമ്രാജ്യത്വത്തേയും വെല്ലുവിളിക്കുന്ന തരത്തിലായി. മറുവശത്താകട്ടെ, കേരളം ഭ്രാന്താലയമാണെന്ന സ്വാമി വിവേകാനന്ദന്റെ പരാമർശം സമൂഹത്തിലുണ്ടാക്കിയ വിവേകം, ശ്രീനാരായണഗുരുവിന്റെ രംഗപ്രവേശം, ചട്ടമ്പി സ്വാമി, അയ്യാ വൈകുണ്ഠൻ, മക്തി തങ്ങൾ, പൊയ്കയിൽ യോഹന്നാൻ, അയ്യൻകാളി, വാഗ്ഭടാനന്ദൻ, വേലുക്കുട്ടി അടിയൻ തുടങ്ങിയവർ പരത്തിവിട്ട വെളിച്ചം എന്നിവ നവോത്ഥാനത്തിന്റെ അതിശക്തമായ ഒരു ധാര സൃഷ്ടിച്ചു. ക്രിസ്ത്യൻ മിഷണറിമാർ വിദ്യാഭ്യാസം വ്യാപിപ്പിച്ചതും വൈക്കം, ഗുരുവായൂർ, പാലിയം തുടങ്ങിയ സ്ഥലങ്ങളിലെ സത്യാഗ്രഹങ്ങളുമൊക്കെ വിവേകത്തിന്റേതായ ഒരു

നവോത്ഥാന ചൈതന്യം സമൂഹത്തിൽ പറത്തി. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന പുന്നപ്ര വയലാർ സമരത്തിന്റെ രാഷ്ട്രീയ മുദ്രാവാക്യവും, മനുഷ്യത്വമാണ് ജാതിക്കും മതത്തിനുംമേലെ ഉയർത്തിപ്പിടിക്കേണ്ട 'മഹത്വം' എന്ന നവോത്ഥാന മുദ്രാവാക്യവും ഉഴുതുമറിച്ചിട്ട മണ്ണിലൂടെയാണ് ഐക്യകേരളം രൂപപ്പെട്ടുവന്നതെന്ന് ചുരുക്കം. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുന:നിർണ്ണയം സാധ്യമാക്കാൻ വേണ്ടി ത്യാഗപൂർവ്വം പ്രവർത്തിച്ചവരുണ്ട്. അവർക്ക് ഭാവിയെക്കുറിച്ച് ഒരു സ്വപ്നമുണ്ടായിരുന്നു. ആ സ്വപ്നം സാക്ഷാത്ക്കരിക്കാൻ സാധിച്ചു. ആ നിലയ്ക്കുള്ള ഒരു ആത്മപരിശോധനകൂടി നടത്തേണ്ട സമയമായി. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, നമ്മൾ കാർഷികബന്ധനിയമം, ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസനിയമം തുടങ്ങിയവയിലൂടെ കേരളത്തിന്റെ മുഖഛായതന്നെ മാറ്റി. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ഏറെ മുമ്പോട്ടുപോയി. അധികാരവികേന്ദ്രീകരണം, ജനകീയാസൂത്രണം, സമ്പൂർണ്ണ സാക്ഷരതാ ക്ഷേമപെൻഷനുകൾ തുടങ്ങിയവയൊക്കെ ആ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനുള്ള യാത്രയിലെ നാഴികക്കല്ലുകളായി നമുക്ക്

അടയാളപ്പെടുത്താം. ഈ വഴിക്കും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. അടിസ്ഥാന ഘടനാസൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് വികസനം സാദ്ധ്യമാക്കേണ്ടതുണ്ട്. ഇതുപോലെ അന്ധവിശ്വാസങ്ങളെയും ജീർണ്ണമായ അനാചാരങ്ങളെയും തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളെ ചെറുക്കേണ്ടതുണ്ട്. ജാതി വിവേചനം കൂടുതൽ ശക്തമായി എതിർക്കപ്പെടേണ്ടതുണ്ട്. അരുവിപ്പുറം പ്രതിഷ്ഠയുടെയും മലയാളി മെമ്മോറിയലിന്റെയും ക്ഷേത്രപ്രവേശന സമരത്തിന്റെയുമൊക്കെ പൈതൃകം മങ്ങാതെ മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ സമഭാവനയിലധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നമുക്ക് കഴിയൂ. സ്വാതന്ത്ര്യലബ്ധിയുടെ ഘട്ടത്തിൽ സാമ്രാജ്യത്തിനെതിരായി നടന്ന പോരാട്ടത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുത്തൻ സാമ്രാജ്യത്വത്തിന്റെ സാമ്പത്തികമടക്കമുള്ള രംഗങ്ങളിലെ അധിനിവേശത്തിനെതിരായ ചെറുത്തുനില്പ് മുൻപോട്ട് കൊണ്ടുപോകേണ്ടതുണ്ട്. നാടുവാഴിത്വത്തിനെതിരായ സമരത്തിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് പുത്തൻ സാമ്പത്തിക പ്രമാണിത്വത്തിനെതിരായ സമരം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. മനുഷ്യമനസ്സുകളുടെ ഒരുമയെ ഛിദ്രമാക്കുന്ന

വർഗ്ഗീയതയുടെ ശക്തികൾക്കെതിരെ കരുതലോടെ നിലകൊണ്ട് മതനിരപേക്ഷയുടെ മൂല്യങ്ങളെ പരിരക്ഷിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസ്റ്റ് സങ്കല്പം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നീങ്ങിയാൽ മാത്രമേ നമുക്ക് ഐക്യകേരളപ്പിറവിക്കുവേണ്ടി പോരാടിയ മഹാന്മാരുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയൂ. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വഹിച്ച പങ്കുകൂടി എടുത്തുപറയേണ്ടതുണ്ട്. 'ഹിന്ദുക്കളുടെ രാഷ്ട്രം, മുസ്ലീങ്ങളുടെ രാഷ്ട്രം' എന്നീ മുറവിളികൾ ഉയർന്നുവന്ന ഘട്ടത്തിൽ വിവിധ ദേശീയ ജനവിഭാഗങ്ങൾ അധിവസിക്കുന്ന 'രാഷ്ട്രം' എന്ന സങ്കല്പം കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അക്കാലത്ത് മുന്നോട്ടുവച്ചത്. ഇതിന്റെ തുടർച്ചയായാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണ ആശയം രൂപപ്പെട്ടത്. ഇ.എം.എസ്. നമ്പൂതിരിപ്പാട് 'കേരളം മലയാളികളുടെ മാതൃഭൂമി'യെന്ന കൃതിയും പി. സുന്ദരയ്യ 'വിശാല ആന്ധ്ര' എന്ന കൃതിയും ഭവാനിസെൻ 'നൂതൻ ബംഗാൾ' എന്ന കൃതിയും എഴുതി. ഇത്തരം കൃതികൾ ഭാഷാ സംസ്ഥാനങ്ങൾക്കുള്ള

ആശയ അടിത്തറയുണ്ടാക്കി. ജൻമിത്വ ഘടനയെയും രാജഭരണത്തെയും സാമ്രാജ്യത്വ ശക്തിയെയും നിരാകരിച്ചുകൊണ്ടുള്ള ഒരു കേരളം എന്ന ആശയം അങ്ങനെയാണ് രൂപപ്പെട്ടുവന്നത്. പുതിയ കേരളം എങ്ങനെയുള്ളതാവണം എന്ന കാര്യത്തിൽ ഐക്യകേരളത്തിൽ രൂപപ്പെട്ടുവന്ന ഇ.എം.എസ്. മന്ത്രിസഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. 1957 ഏപ്രിൽ 11-ന് എല്ലാ ഒഴിപ്പിക്കലും നിർത്തിവച്ചുകൊണ്ടുള്ള ഓർഡിനൻസ് ഇറക്കിയതിലും കാർഷികബന്ധനിയമം കൊണ്ടുവന്നതിലുമൊക്കെ അതാണ് പ്രതിഫലിച്ചത്. പുതിയ കാലത്ത് ഐക്യകേരളപ്പിറവിയുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കേണ്ടതിന്റെ നീക്കം മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിന് കേന്ദ്രം ദുർബലപ്പെടുത്തുന്ന ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. മതാധിഷ്ഠിത രാജ്യം സ്ഥാപിക്കാനുള്ള വർഗ്ഗീയ ശക്തികളുടെ ശ്രമങ്ങളെ ചെറുക്കേണ്ടതുണ്ട്. കോളനിവൽക്കരണത്തിനുള്ള പുത്തൻ കുതന്ത്രങ്ങളുമായി വരുന്ന സാമ്രാജ്യത്വ അധിനിവേശങ്ങളെ എതിർക്കേണ്ടതായിട്ടുണ്ട്. സമൂഹത്തിൽ പരസ്പര വിശ്വാസം; അതിന്റെ അടിത്തറയിൽ സമാധാനം; ആ സമാധാന അന്തരീക്ഷത്തിൽ വികസനം;

ഇതാണ് ഉണ്ടാവേണ്ടത്. ഇത്തരത്തിലുള്ള ഒരു ജനതയുടെ നിലനില്പിനും അതിജീവനത്തിനും ഭാഷ വലിയൊരു അടിസ്ഥാന ഘടകമാണ്. ആ അടിത്തറ തകർന്നാൽ നാടില്ല, സമൂഹമില്ല, മലയാളം 'ശ്രേഷ്ഠഭാഷ'യായി എന്നുപറഞ്ഞ് വിശ്രമിക്കാൻ നമുക്കാവില്ല. ആ ഭാഷയെ അദ്ധ്യയന ഭാഷയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭരണഭാഷയാക്കാനും കോടതി ഭാഷയാക്കാനും കഴിഞ്ഞോ; ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ നിത്യജീവിത സത്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന് മറുപടി പറയാൻ നമുക്ക് കഴിയേണ്ടതുണ്ട്. മലയാളഭാഷ മലയാളികൾക്ക് നിർബന്ധമാക്കണം. മാതൃഭാഷ പഠിക്കാതെ ഡിഗ്രി എടുക്കാവുന്ന അവസ്ഥ ഇവിടെയല്ലാതെ മറ്റെവിടെയുമുണ്ടാകില്ല. പി.എസ്.സി.-ക്ക് മലയാളം മ്ലേച്ഛമായി തോന്നുന്ന സ്ഥിതി വേറെ ഒരിടത്തുമില്ല. ഇതൊക്കെ മാറേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്കാരത്തെ വീണ്ടെടുത്ത് ശക്തിപ്പെടുത്താൻ കഴിയണം. മഹാകവി വള്ളത്തോളിന്റെ പ്രശസ്തമായ ആ നാലുവരി ഉദ്ധരിക്കട്ടെ,

"ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണമന്തരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം

ചോര നമുക്ക് ഞരമ്പുകളിൽ"

ഇൻഡ്യയെക്കുറിച്ചും കേരളത്തെക്കുറിച്ചും അഭിമാനിക്കുന്ന ആത്മാഭിമാനമുള്ള ഒരു ജനത എന്ന നിലയ്ക്ക് മലയാളക്കരയെ, ഇവിടത്തെ ആൾക്കാരെ ലോകം കാണുന്ന ഒരു കാലമുണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. എല്ലാവർക്കും എന്റെ വജ്രജൂബിലി ആശംസകൾ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോടും അഭിപ്രായങ്ങളോടും ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിന് 60 വയസ് തികയുകയാണ്. ഈ വജ്രജൂബിലി ആഘോഷിക്കുന്ന വേളയിൽ ഈ സഭയിൽ ഇരിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു; എന്നെപ്പോലെതന്നെ ഈ സഭയിലെ മുഴുവൻ ആളുകളും അഭിമാനിക്കുന്നുവെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ അവിസ്മരണീയമായ ഒരു മുഹൂർത്തമാണിത്. ഐക്യകേരളം എന്നത് ആ കാലഘട്ടത്തിൽ മലബാറും കൊച്ചിയും തിരുവിതാംകൂറുമായി നിന്ന

ജനങ്ങളുടെ ഒരു വികാരമായിരുന്നു. അതിനുവേണ്ടിയുള്ള ശക്തമായ പോരാട്ടങ്ങൾ നമ്മുടെ നാട്ടിൽ നടന്നിരുന്നു. 1921-ൽ ഒറ്റപ്പാലത്തുനടന്ന കോൺഗ്രസ് സമ്മേളനമാണ് ഐക്യകേരളം എന്ന ആദ്യ പ്രമേയം പാസ്സാക്കിയത്. കെ.പി.സി.സി.-യുടെ നേതൃത്വത്തിൽ മലബാറിലും പ്രജാമണ്ഡലത്തിന്റെ നേതൃത്വത്തിൽ കൊച്ചിയിലും സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ തിരുവിതാംകൂറിലും നടന്ന സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ആ മഹാപ്രസ്ഥാനത്തിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ സഭയിൽ സംസാരിക്കാൻ അവസരം കിട്ടിയതിൽ ഞാൻ അഭിമാനിക്കുന്നു. ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്ക് ഉജ്ജ്വലമായ നേതൃത്വം കൊടുത്ത പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. രാജ്യത്തുടനീളം വൈദേശിക സാമ്രാജ്യത്വ ശക്തികൾക്കെതിരായി നടത്തിയ ധീരമായ പോരാട്ടങ്ങളെ അനുസ്മരിക്കേണ്ട സന്ദർഭമാണിത്. വൈദേശിക ഭരണം അവസാനിപ്പിച്ചുകൊണ്ട് മഹാത്മജിയുടെയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും നേതൃത്വത്തിൽ രാജ്യത്തുടനീളം നടന്ന ധീരമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി ജീവൻ

ബലിയർപ്പിച്ച ധീരന്മാരായ രക്തസാക്ഷികളുടെ മുമ്പിൽ ഞാൻ പ്രണാമം അർപ്പിക്കുന്നു. ഇന്ന് നമ്മൾ പിൻതിരിഞ്ഞു നോക്കുമ്പോൾ അവരുടെ ത്യാഗോജ്ജ്വലമായ ജീവിതം, പ്രവർത്തനങ്ങൾ, രക്തസാക്ഷിത്വം വൃഥാവിലായില്ലായെന്ന് നമുക്ക് ബോദ്ധ്യപ്പെടുന്ന ഒരു അവസരം കൂടിയാണ്. അന്ന് ഐക്യകേരളമെന്ന സ്വപ്നം പൂർണ്ണമായ അർത്ഥത്തിൽ ഇല്ലായിരുന്നെങ്കിലും അതൊരു വികാരമായി നിലനിന്നിരുന്നു. അന്ന് ഐക്യകേരളം ഉണ്ടാകുന്നതിനെ സംബന്ധിച്ച് അഭിപ്രായം വന്നപ്പോൾ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞൊരു വാക്യം എന്റെ മനസ്സിൽ കടന്നുവരികയാണ്. ഐക്യകേരളത്തിന് നിലനിൽപ്പുണ്ടോ, സാമ്പത്തികമായി നിലനിൽക്കുമോ; ഇത്രയും ചെറിയൊരു സംസ്ഥാനത്തിന് എല്ലാ പ്രതിസന്ധികളേയും അതിജീവിക്കാൻ കഴിയുമോ; എന്നുള്ള അഭിപ്രായം ഉയർന്നുവന്നപ്പോൾ അതിനെ പനമ്പിള്ളി ഗോവിന്ദമേനോൻ ശക്തമായി എതിർത്തിരുന്നു. കേരളത്തിലെ ജനങ്ങളുടെ ഇച്ഛാശക്തി ഇതിനെയെല്ലാം അതിജീവിക്കുമെന്ന് പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. കേരളത്തിലെ ജനങ്ങൾ ഇന്ന് പിന്തിരിഞ്ഞ് നോക്കുമ്പോൾ

അദ്ദേഹത്തിന്റെ വാചകങ്ങൾ എത്രമാത്രം ശരിയായിരുന്നുവെന്ന് ബോധ്യപ്പെട്ടു. ശ്രീ. പട്ടംതാണുപിള്ള, ആർ. ശങ്കർ, മഹാനായ അബ്ദുറഹിമാൻ സാഹിബ്, സി. കേശവൻ, ടി. എം. വർഗ്ഗീസ് പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിൽ നടന്നിട്ടുള്ള പോരാട്ടങ്ങളെ നമുക്ക് വിസ്മരിക്കാൻ സാധ്യമല്ല. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളോടൊപ്പം ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലും ഒരേ മനസ്സോടെ നിൽക്കാൻ കേരളത്തിന് സാധിച്ചു. മധുര സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറും കൊച്ചി പ്രദേശവും തിരുവിതാംകൂറും സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടി ഉയർത്തിയ വാദങ്ങളെ അതിശക്തമായി അന്നത്തെ കോൺഗ്രസ് പാർട്ടി എതിർത്തിരുന്നത് ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുന്നു. സ്വതന്ത്രതിരുവിതാംകൂർ എന്നുള്ളത് അംഗീകരിക്കാതെ ഇന്ത്യൻ യൂണിയനോടൊപ്പം നിൽക്കുവാനും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനം കെട്ടിപ്പടുക്കാനും കോൺഗ്രസ് വഹിച്ചിട്ടുള്ള നേതൃത്വപരമായ പങ്കിനെ കൂടി ഞാൻ അനുസ്മരിക്കുകയാണ്. കേരളം ഏറ്റവും മനോഹരമായ പ്രദേശമാണ്. കേരളത്തിലെ ജനങ്ങൾ വിവേകശാലികളാണ്. ബുദ്ധിശക്തിയിൽ ലോകത്ത്

തന്നെ മുന്നിൽ നിൽക്കുന്ന ജനതയാണ് നമ്മുടേത്. നമ്മുടേത് ദൈവത്തിന്റെ സ്വന്തം നാടാണ്. കടലും കായലും പുഴകളും പാടങ്ങളും പർവ്വതനിരകളും കാടുകളും പുൽമേടുകളും അരുവികളുമുള്ള ഏറ്റവും പ്രകൃതിസുന്ദരമായ ഒരു ഭൂപ്രദേശമാണ് ഇവിടെയുള്ളത്. ഈ മനോഹരതീരത്ത് വീണ്ടും ഒരു ജന്മം കൂടി ഉണ്ടാകണമെന്ന് ആഗ്രഹിക്കാത്ത ഏത് മലയാളിയുണ്ട് കേരളത്തിൽ! നൂറ്റാണ്ടുകളായി കൊച്ചുകൊച്ചു നാട്ടുരാജ്യങ്ങളായി കിടന്ന കേരളത്തെ, കേരളമെന്ന വികാരത്തെ താലോലിച്ചുകൊണ്ടാണ് ഐക്യകേരളം കെട്ടിപ്പടുക്കാൻ കഴിഞ്ഞത്. ദീർഘകാലത്തെ വീറുറ്റ പോരാട്ടങ്ങൾ, ത്യാഗോജ്ജ്വലമായ പ്രക്ഷോഭങ്ങൾ, ഒരു ജനതയുടെ ഇച്ഛാശക്തിയും സ്വപ്നങ്ങളും പ്രതീക്ഷകളും പൂവണിയിച്ചുകൊണ്ടാണ് ഐക്യകേരളം രൂപംകൊണ്ടത്. ആ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയ നിരവധിയായ ജ്ഞാതരും അജ്ഞാതരുമായ മഹാവ്യക്തികളെ ഞാൻ ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നു. മലയാളി ഒരു വിശ്വപൗരനാണ്. ലോകത്തിന്റെ ഏത് ഭാഗത്ത് ചെന്നാലും ആ രാജ്യത്തെ സംസ്കാരവുമായി ആ രാജ്യത്തെ ജനതയുടെ പ്രത്യേകതകളുമായും ഇഴുകി ചേരാൻ കഴിയുന്ന ഏറ്റവും വലിയ കഴിവുള്ള ഒരു ജനതയാണ് മലയാളി.

അതുകൊണ്ടാണ് മലയാളി വിശ്വപൗരനാണെന്ന് പറയുന്നത്. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ 1960-ൽ 276 രൂപ ഉണ്ടായിരുന്നിടത്ത് ഇന്ന് 138020-ൽ എത്തിനിൽക്കുന്നു. അസൂയാവഹമായ പുരോഗതി കേരളം കൈവരിച്ചിട്ടുണ്ട്. ഈ നിയമസഭ വിപ്ലവകരമായ എത്രയോ നിയമനിർമ്മാണങ്ങൾ ഇവിടെ പാസ്സാക്കിയിട്ടുണ്ട്. ധനവിനിയോഗ ബിൽ ഉൾപ്പെടെ 1594 നിയമങ്ങൾ 14-ാം നിയമസഭവരെ നമ്മൾ പാസ്സാക്കിയിട്ടുണ്ട്. 909 സാമാജികന്മാർ ഒന്നാം നിയമസഭ മുതൽ 14-ാം നിയമസഭവരെ ഇവിടെ ഉണ്ടായിട്ടുണ്ട്. 3137 ദിവസമാണ് ഒന്നാം നിയമസഭ മുതൽ സമ്മേളിച്ചിട്ടുള്ളത്. കേരളം കൈവരിച്ചിട്ടുള്ള അസൂയാവഹമായ പുരോഗതി, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, ആയുർ ദൈർഘ്യം എന്നിവയുടെ കാര്യത്തിൽ ലോകം വികസിത രാഷ്ട്രങ്ങളോട് തുല്യമായി നിൽക്കുകയാണ്. യൂറോപ്യൻ സ്റ്റാൻഡേർഡിനനുസൃതമായി വളരാൻ നമുക്ക് സാധിച്ചു. കേരളം കടന്നുവന്ന വഴികൾ എളുപ്പമുള്ളതായിരുന്നില്ല. ജാതിയുടെയും മതത്തിന്റേയും ചങ്ങലക്കെട്ടുകളിൽകിടന്ന ഒരു സമൂഹം, ചാതുർവർണ്യത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് സ്വതന്ത്രമായി സഞ്ചരിച്ച സമൂഹം,

ശ്രീനാരായണ ഗുരുദേവനും ചട്ടമ്പിസ്വാമികളും അയ്യ വൈകുണ്ഠസ്വാമികളും മഹാത്മഅയ്യങ്കാളിയും ഉൾപ്പെടെയുള്ള എത്രയോ സാമൂഹ്യപരിഷ്കർത്താക്കളുടെ തീഷ്ണമായ പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ കേരളം വാർത്തെടുത്തത്. ജാതിയും മതവും വർഗ്ഗീയതയും കൊണ്ട് മലീമസമായിരുന്ന ഇരുണ്ട കാലഘട്ടത്തിൽനിന്ന് കേരളത്തെ വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിച്ചത് ഈ നവോത്ഥാന നായകൻമാരാണ്. അവരുടെ ഓർമ്മകൾക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇന്നും ജാതിയും മതവും വലിയ പ്രശ്നങ്ങളായി നിലനിൽക്കുന്നു. വർഗ്ഗീയതയും അസഹിഷ്ണുതയും പ്രശ്നമായി ഉയർന്നുവരുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള നീക്കങ്ങൾ വ്യാപകമാകുന്നു. ഇന്ന് 60-ാം വർഷം ആഘോഷിക്കുന്ന അവസരത്തിൽ ഇത്തരം തെറ്റായ ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരായി ശക്തമായി നിലകൊള്ളണം. വർഗ്ഗീയതയ്ക്കും അസഹിഷ്ണുതയ്ക്കും ബഹുസ്വരതയ്ക്കെതിരെ ഉയർന്നുവരുന്ന ശബ്ദങ്ങൾക്കു മെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ കഴിയണം. സംസ്ഥാനത്ത് കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. രാഷ്ട്രീയകൊലപാതകങ്ങൾ

വർദ്ധിക്കുന്നത് നമുക്ക് ഭൂഷണമാണോയെന്ന് വിലയിരുത്തേണ്ട സമയമാണിത്. മനോഹരമായ ഭൂപ്രദേശം. ജനങ്ങൾക്ക് ഭീഷണിയില്ലാതെ ജീവിക്കാൻകഴിയുന്ന അന്തരീക്ഷമുണ്ടാകണം. ശാന്തിയും സമാധാനവുമുണ്ടാകണം. 60 വർഷങ്ങളിൽ അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കി. സാമൂഹ്യസുരക്ഷയിലും സേവനരംഗത്തും വമ്പിച്ച മുന്നേറ്റമുണ്ടാക്കി. പക്ഷെ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും നാം പിന്നോട്ടുപോയി. തൊഴിലില്ലായ്മ ഉണ്ട്. ഇവിടെ പണിയെടുക്കാൻ ആളില്ലെന്നത് വൈരുദ്ധ്യമല്ലേ. അന്യസംസ്ഥാന തൊഴിലാളികൾ ഒറീസ്സ, ബീഹാർ, ഉത്തർ പ്രദേശ്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നും വരാതെ കേരളത്തിന്റെ ദൈനംദിനജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തൊരവസ്ഥ ഇവിടെയുണ്ട്. ദാരിദ്ര്യം നീക്കാൻ നമുക്ക് കഴിഞ്ഞെങ്കിലും കഷ്ടപ്പാടുകളും പ്രയാസങ്ങളും നീക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ടൂറിസം ഭൂപടത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കാൻ കെല്പുള്ള സംസ്ഥാനമാണ്. ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളാണുള്ളത്. അതിനെ വികസിപ്പിക്കാൻ നമുക്ക് കഴിയണം.

ആരോഗ്യവിദ്യാഭ്യാസമേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങളെ ചെറുതായി കാണുന്നില്ല. പക്ഷെ പുതിയ കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകണം. ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് അഴിമതിരഹിതമായ സുതാര്യമായ ഭരണരംഗം കെട്ടിപ്പടുക്കാൻ ഇനിയും നമുക്ക് കുറേക്കൂടി സഞ്ചരിക്കേണ്ടതുണ്ട്. പൊള്ളയായ വാഗ്ദാനങ്ങളല്ല, ജനങ്ങളുടെ നിത്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന സുചിന്തിതമായ നിലപാടുകളും പ്രവർത്തനങ്ങളും ആവശ്യമുണ്ട്. കേരളപ്പിറവി നമുക്ക് ആവേശം നൽകുന്നു. വരാൻ പോകുന്ന പുതിയ കാലഘട്ടത്തിലേയ്ക്ക് എത്തിച്ചേരണം. ലോകം മാറുന്നു, ഇന്ത്യ മാറുന്നു, ജനങ്ങൾ മാറുന്നു, ചിന്തകൾ മാറുന്നു. പഴകിത്തുരുമ്പിച്ച പ്രത്യയശാസ്ത്രങ്ങളുടെ തടവറയിൽനിന്നും കേരളം പുറത്തേയ്ക്ക് വരണം, ജനങ്ങൾ പുറത്തേയ്ക്ക് വരണം. ലോകത്ത് നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കണം. അത് മനസ്സിലാക്കിക്കൊണ്ട് ഒരു പുതിയ കേരളത്തിന് രൂപം കൊടുക്കാൻ നമുക്ക് കഴിയണം. കേരള മോഡലിന് നിറം മങ്ങിയിരിക്കുന്നു. പുതിയ കേരള മോഡലിന്റെ സൃഷ്ടിക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കണം. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ, യുവാക്കൾ, സാധാരണക്കാർ,

സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ തുടങ്ങിയ ജീവിതത്തിന്റെ നാനാതുറകളിലുമുള്ളവരുടെ ജീവിതഭദ്രതയുറ്റുതകുന്ന കർമ്മപരിപാടികൾക്ക് മുൻതൂക്കം നൽകാൻ സാധിക്കണം. മികച്ച സാമ്പത്തിക മാനേജ്മെന്റിലൂടെ കൂടുതൽ മൂലധനനിക്ഷേപം. ലോകത്തിലെ എല്ലാ ഭരണാധികാരികളും ഇന്ന് ഇൻവെസ്റ്റ്മെന്റിനെ പറ്റിയാണ് ചിന്തിക്കുന്നത്. കൂടുതൽ മൂലധന നിക്ഷേപം, ആ നിക്ഷേപത്തിലൂടെ പുതിയ അവസരങ്ങൾ, ആ അവസരങ്ങളിലൂടെ കരുത്തുള്ള രാഷ്ട്രം; ഇതാണ് എല്ലാവരും ചിന്തിക്കുന്നത്. കേരളത്തിന് ആ വഴിയിൽനിന്നും മാറിനിൽക്കാൻ സാധ്യമല്ല. Good governance, അതായിരിക്കണം ഇന്ന് കേരളത്തിന് മുന്നിലുള്ള പ്രധാനപ്പെട്ട ദൗത്യം. ഒരു good governance-ലേയ്ക്ക് നയിക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതിലേയ്ക്ക് കേരളത്തെ എത്തിക്കാനുള്ള പ്രവർത്തനമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ബുദ്ധിശക്തിയിലും കഴിവിലും പ്രയത്നശീലത്തിലും മുന്നിൽ നിൽക്കുന്ന മലയാളി ഒരുമിച്ച് പ്രവർത്തിച്ചാൽ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പുതിയ ലോകവും പുതിയ ഇന്ത്യയും കേരളത്തിന്

ഉൾക്കൊള്ളാനാകണം. എന്നാൽ വിജയം നമുക്ക് കൈവരിക്കാൻ എളുപ്പമാണ്. ഞാൻ അവസാനിപ്പിക്കുന്നു. ഒരു നിർദ്ദേശം അങ്ങയുടെ പരിഗണനയ്ക്കായി ഞാൻ അവതിപ്പിക്കുകയാണ്. ഈ സഭ 14-ാം നിയമസഭയാണ്. 14 നിയമസഭകളിലൂടെ നിരവധി ബില്ലുകൾ നാം പാസാക്കിയിട്ടുണ്ട്. ലാന്റ്മാർക്ക് ലെജിസ്ലേഷൻ എന്ന് വിലയിരുത്താൻ കഴിയുന്ന നിയമങ്ങളാണവ. ഹെൽത്ത്, എഡ്യൂക്കേഷൻ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, എൻവയോൺമെന്റ്, വെൽഫെയർ എന്നീ മേഖലകളിലാണ് സുപ്രധാനങ്ങളായ നിയമങ്ങൾ പാസാക്കിയിട്ടുള്ളത്. ഈ നിയമങ്ങളുടെ ഇംപാക്ട്, ഇതിന്റെ നടത്തിപ്പ്, ഈ നിയമത്തിന്റെ ദൂരവ്യാപകമായി ഉണ്ടായ മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് ഒരു ഇംപാക്ട് സ്റ്റഡി നടത്താൻ ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിച്ച്, ഇത് പരിശോധിച്ച്, നാളെ ഒരു മോണോ ലോഗ് ആയി, ഭാവി തലമുറയ്ക്ക് പഠിക്കാനും നമുക്കുതന്നെ ബോദ്ധ്യപ്പെടാനും ഒരു പഠന സംഹിത കൂടി പ്രസിദ്ധീകരിക്കാൻ അങ്ങ് ഈ 60-ാം വർഷത്തിൽ തയ്യാറാകണമെന്ന് കൂടി അങ്ങയോട് അഭ്യർത്ഥിക്കാൻ ഈ അവസരം വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വജ്രജൂബിലിയുടെ ആശംസകൾ നേർന്നുകൊണ്ട് ഞാൻ

നിർത്തുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരളത്തിന് 60 തികയുകയാണ്. അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ച കാര്യങ്ങളോടെല്ലാം പൊതുവിൽ യോജിക്കുകയാണ്.

"നീല നിലാവിനു താഴെ പച്ച നാക്കില വച്ചപോലൊരു

നാടുണ്ടെൻ കണ്ണെപ്പോഴുമോട്ടും ദിക്കിൽ"

എന്ന് ബാലാമണിയമ്മ പാടിയതുപോലെ ഏത് മരുഭൂമിയിലും മഞ്ഞിലും പണിയെടുക്കാൻ പോയാലും മലയാളിയുടെ മനസ്സിൽ മായാതെ തെളിഞ്ഞുനിൽക്കുന്ന പച്ചപ്പാണ് കേരളം. മലകളുടേയും മലയാളത്തിന്റെയും മാവേലിയുടെയും നാട്, ഇന്ന് 60 തികയുന്ന ഐക്യകേരളത്തിനുവേണ്ടി പോരാടിയവരുടേയും ഇന്നത്തെ ഗരിമയിലേയ്ക്ക് കേരളത്തെ കൈപിടിച്ച് നടത്തിയവരുടേയും പ്രോജ്ജ്വല സ്മരണകളാൽ സമ്പന്നമായ മനുഷ്യന്റെ സ്വന്തം നാട്. ഐക്യകേരളം എന്ന മലയാളികളുടെ സ്വപ്നം 1956-ൽ സാക്ഷാത്കരിക്കപ്പെട്ടത് ഒരുപാട് ജനകീയ സമ്മർദ്ധങ്ങളുടെയും സമരങ്ങളുടെയും

ഫലമായിട്ടാണ്. 1921-ലെ നെഹ്റു കമ്മിഷൻ റിപ്പോർട്ട് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിക്കണമെന്ന് ശിപാർശ ചെയ്യുകയും 1948-ൽ കോൺഗ്രസ്സിന്റെ ജയ്പൂർ സമ്മേളനത്തിൽ രൂപീകരിക്കപ്പെട്ടതും നെഹ്റു-പട്ടേൽ-പട്ടാഭിസീതാരാമയ്യർ കമ്മിറ്റി ഐക്യകേരളത്തിനായി ശിപാർശ ചെയ്യുകയുമുണ്ടായിട്ടും ഒട്ടേറെ തടസ്സങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഒടുവിലാണ് ഐക്യകേരളം യാഥാർത്ഥ്യമായത്. 1956-ഓടുകൂടി തിരു-കൊച്ചിയും മദ്രാസും ചേർത്ത് ദക്ഷിണ സംസ്ഥാനമുണ്ടാക്കാൻ ദേശീയതലത്തിലും പ്രദേശികതലത്തിലും ശ്രമങ്ങൾ നടന്നിരുന്നു. പശ്ചിമതീര സംസ്ഥാനമെന്ന മറ്റൊരു വാദവും ഉയർന്നുവന്നിരുന്നു. എന്നാൽ 1956 ഫെബ്രുവരിയിൽ ആലുവയിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തിരു-കൊച്ചി സ്റ്റേറ്റ് സമ്മേളനത്തിൽ, മൂന്ന് ലക്ഷത്തോളം വരുന്ന ജനസഞ്ചയത്തെ സാക്ഷിനിർത്തി ഐക്യകേരള രൂപീകരണ തീരുമാനത്തിൽ നിന്നും കേന്ദ്രസർക്കാർ പിൻമാറരുതെന്ന് ആവശ്യപ്പെട്ടു. 1956 ജനുവരി 29-ാം തീയതി കേരളമാകെ ദക്ഷിണസംസ്ഥാന വിരോധദിനമായി ആചരിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ആഹ്വാനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലുടനീളം വലിയ പ്രകടനങ്ങളും പ്രക്ഷോഭങ്ങളും നടന്നു. തൊഴിലാളി സംഘടനകളായിരുന്നു ഇതിന് നേതൃത്വം നൽകിയത്. ഈ അവസരത്തിലാണ്

മലയാളികൾക്ക് ആവേശമായി 'കേരളം മലയാളിയുടെ മാതൃഭൂമി' എന്ന ഇ.എം.എസ്-ന്റെ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഐക്യകേരളം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിന് ഏറ്റവും സംഘടിതമായ പരിശ്രമം നടത്തിയ പ്രസ്ഥാനം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. തൊഴിലാളികളുടെയും യുവാക്കളുടെയും കർഷകരുടെയും സമരമുഖങ്ങളിൽ ഐക്യകേരളം എന്ന ആവശ്യം ഉച്ചത്തിൽ ഉയർന്നുകേട്ട കാലമായിരുന്നു അത്. രാജവാഴ്ചയ്ക്കും ജന്മിത്തത്തിനുമെതിരായി കേരളത്തിൽ നടന്ന പോരാട്ടങ്ങളുടെ നേതൃത്വം ഏറ്റെടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടി, സമത്വത്തിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ പ്രതീകമായി ഐക്യകേരളം എന്ന സങ്കൽപ്പത്തെ പ്രതിഷ്ഠിച്ചത് മലയാളികളെ ആകെ ഈ ലക്ഷ്യത്തിനായി ഒന്നിപ്പിക്കാൻ സഹായിച്ചു. പുരോഗമന കലാ-സാഹിത്യ പ്രവർത്തകരും ഇതിനായി വലിയ സംഭാവനകൾ നൽകി. ഈ ശ്രമങ്ങൾക്കൊപ്പം തന്നെ ഭാവിയിൽ കേരളം ജനക്ഷേമത്തിന്റെ പാതയിൽ സഞ്ചരിക്കാൻ ആവശ്യമായ വഴികൾ തേടാനും കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രദ്ധിച്ചിരുന്നു. 1954-ലെ തൃശ്ശൂർ സമ്മേളനത്തിൽ തന്നെ ഐക്യകേരളത്തിന്റെ ഭാവിയെക്കുറിച്ച് ഐശ്വര്യപൂർണ്ണമായ പുതിയ കേരളം പടുത്തുയർത്താനെന്ന പേരിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുവേണ്ടിയുള്ള ഒരു രൂപരേഖ അംഗീകരിച്ചു. അത്

തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് അന്നത്തെ പാർട്ടി തിരു-കൊച്ചി സെക്രട്ടറിയായിരുന്ന സഖാവ് സി. അച്ചുതമേനോനായിരുന്നു. 1956 സെപ്റ്റംബറിൽ ഈ നയപരിപാടി വിശദീകരിച്ചുകൊണ്ട് 'കേരള സംസ്ഥാനം പ്രശ്നങ്ങളും സാദ്ധ്യതകളും' എന്ന ലഘുലേഖ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. ആ ലഘുലേഖയിൽ ആമുഖമായി സി. അച്ചുതമേനോൻ ഇങ്ങനെ എഴുതി 'കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി മലയാളികൾ കണ്ടുകൊണ്ടിരുന്ന ഒരു മോഹനസ്വപ്നമാണ് ഐക്യകേരളം. അത് ഇപ്പോൾ യാഥാർത്ഥ്യമായി തീരാൻ പോകുന്നു. 1956 നവംബർ ഒന്നാം തീയതി കേരള സംസ്ഥാനം നിലവിൽ വരും. ദശാംബ്ദങ്ങളായി കൃത്രിമമായി വെട്ടിമുറിക്കപ്പെട്ടിരുന്ന കേരളം ചരിത്രത്തിൽ ആദ്യമായി ഒരു ഭരണത്തിൽ കീഴിൽ ഒന്നിക്കും. ഒന്നര നൂറ്റാണ്ടുകാലത്തെ വിദേശഭരണത്തിന്റെയും നാടുവാഴിമേധാവിത്വത്തിന്റെയും ഫലമായി ജനിച്ച നാട്ടിലെ പഞ്ഞവും പട്ടിണിയും പകർച്ചവ്യാധികളും സഹിച്ച് വിശാലമായ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പോയി എച്ചിൽ പെറുക്കിയും ഗ്ലാസ് കഴുകിയും വേദനയോടെ കഴിച്ചുകൂട്ടേണ്ടിവന്നിട്ടുള്ള മലയാളത്തിന്റെ അഭിമാനികളായ സന്താനങ്ങൾക്ക് കേരളപ്പിറവിൽ അളവറ്റ ആശയും അനേകം പ്രതീക്ഷകളുമുണ്ട് എന്നതിൽ സംശയമില്ല. നമ്മുടെ ആശയ്ക്കൊത്തവിധം ക്ഷേമവും സുരക്ഷിതത്വവും വിളയാടുന്ന ഒരു

സൗഭാഗ്യഭൂമിയായി ഈ നാടിനെ മാറ്റാൻ കഴിയുമെന്നതിൽ സംശയമില്ല. അതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനാണ് ഇന്ന് സർവ്വകേരളീയരുടേയും ശ്രദ്ധ അടിയന്തരമായി പതിയേണ്ടത്. ഈ ദിശാബോധത്തിന്റെ അടിസ്ഥാനത്തിലാണ് 1957 ജനുവരിയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രകടനപത്രിക തയ്യാറാക്കിയത്. ഐക്യകേരളത്തിലെ ആദ്യത്തെ സർക്കാർ സഖാവ് ഇ.എം.എസ്-ന്റെ നേതൃത്വത്തിൽ അധികാരമേറ്റപ്പോൾ ഈ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഓരോന്നായി നടപ്പാക്കാൻ തുടങ്ങി. ഭൂപരിഷ്കരണവും ആരോഗ്യവിദ്യാഭ്യാസ രംഗത്തുള്ള സമഗ്ര സംഭാവനകളും ആധുനിക കേരളത്തിന്റെ വികസനത്തിന് ആദ്യ കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാർ നൽകിയ അടിക്കല്ലുകളായിരുന്നു. ഇതിൽ പലതും 1947 മുതൽ കേന്ദ്രം ഭരിച്ച സർക്കാരും പ്രാദേശിക സർക്കാരും നിയന്ത്രിച്ച കോൺഗ്രസ് പാർട്ടിയും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ കൂടിയായിരുന്നു. ഭഗത് സിംഗിന്റെയും രാജ്ഗുരുവിന്റെയും സുഖ്ദേവിന്റെയും വധശിക്ഷ ബ്രിട്ടീഷുകാർ നടപ്പാക്കി ഏതാനും നാളുകൾക്കുശേഷം 1931 മാർച്ചിൽ കറാച്ചിയിൽ നടന്ന എ.ഐ.സി.സി -യിൽ നഷ്ടപ്പെട്ട ജനപ്രീതി തിരിച്ചുപിടിക്കാൻ നെഹ്റുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയതും ഗാന്ധിജി അവതരിപ്പിച്ചതുമായ മൗലികാവകാശങ്ങളെക്കുറിച്ചും രാഷ്ട്രീയ

സ്വാതന്ത്ര്യനയത്തെക്കുറിച്ചുമുള്ള ഈ പ്രമേയം ഇടതുപക്ഷ നയപരിപാടികളാൽ സമ്പന്നമായിരുന്നു. വ്യക്തമായ നയപരിപാടിയില്ലായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഊർജ്ജം പകരുകയും തൊഴിലാളികളെയും യുവാക്കളെയും അടിച്ചമർത്തപ്പെട്ടവരെയും ദേശീയപ്രസ്ഥാനത്തിലേയ്ക്ക് സജീവമായി കൊണ്ടുവരാൻ സഹായിക്കുകയും ചെയ്ത കറാച്ചി പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പുറത്തിറക്കിയ പ്രകടനപത്രികയിലെ വാഗ്ദാനങ്ങളും തമ്മിൽ ഒട്ടും അകലമില്ല. വ്യക്തമായ നയപരിപാടിയുടെ വെളിച്ചത്തിൽ തൊഴിലാളികളോടും സാധാരണക്കാരോടുമുള്ള പ്രതിജ്ഞ ഇ.എം.എസ് സർക്കാർ നിറവേറ്റി. ഭൂപരിഷ്കരണം, വിദ്യാഭ്യാസം, വ്യവസായവൽക്കരണം, ന്യൂനപക്ഷ അവകാശ സംരക്ഷണം, മതനിരപേക്ഷത തുടങ്ങിയ ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനമായ മേഖലകളിലെല്ലാം തന്നെ നയപരമായ ശ്രദ്ധ ആ സർക്കാർ പതിപ്പിച്ചിരുന്നു. 1959-ൽ വിമോചന സമരമെന്നപേരിൽ ജാതിമത ശക്തികളുമായി കൂട്ടുചേർന്ന് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാരിനെ അട്ടിമറിച്ചില്ലായിരുന്നുവെങ്കിൽ മൗലികമായ ഒട്ടനവധി മാറ്റങ്ങൾക്കുകൂടി കേരളം സാക്ഷ്യം വഹിക്കുമായിരുന്നു. തുടർന്നുള്ള ഒരു ദശാംബ്ദകാലം രാഷ്ട്രീയ അനിശ്ചിതത്വവും തുടർന്ന് ഭരണപരമായ അസ്ഥിരതയും

നിലനിൽക്കുകയായിരുന്നു, അഞ്ചുതവണ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായി. 1959-ൽ നിർത്തിയ സ്ഥലത്തുനിന്നാണ് 1967-ൽ സഖാവ് ഇ.എം.എസ്-ഉം 1969-ൽ സഖാവ് സി. അച്യുതമേനോനും മുഖ്യമന്ത്രിയായി ഭരണം വീണ്ടും തുടരുന്നത്. 1977 വരെ മുഖ്യമന്ത്രിയായി തുടർന്ന സി. അച്യുതമേനോനെന്ന അസാധാരണപ്രതിഭയുടെ സംഭാവനകളാണ് പിന്നീട് കേരളത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയത്. 1956-ലെ നയരേഖയിൽ തുടങ്ങിയ വികസനകാഴ്ചപ്പാടിൽ സുവ്യക്തമായ ഭരണനടപടികളിലൂടെ അദ്ദേഹം മുന്നോട്ടുകൊണ്ടുപോയി. പിന്നീട് വളർന്ന് വിശ്വവിഖ്യാതി നേടിയ കേരള മോഡൽ വികസനത്തിന്റെ ഉറച്ച ആദ്യചുവടുകൾ വച്ചത് സി. അച്യുതമേനോനായിരുന്നു. 1970 ജനവരി ഒന്നിന് സംസ്ഥാനത്ത് പരിപൂർണ്ണമായി ജന്മിത്തം അവസാനിപ്പിച്ചുകൊണ്ട് നടപ്പിൽ വന്ന ഭൂപരിഷ്കരണ നിയമത്തിലൂടെ കൃഷിഭൂമി കർഷകന് എന്ന സ്വപ്നം യാഥാർത്ഥ്യമായി. കർഷക പ്രധാനമായ സാമൂഹികവ്യവസ്ഥിതിയിൽ ഭൂമിയുടെ ഉടമസ്ഥതയും അദ്ധ്വാനവർഗ്ഗത്തിന്റെ ശാക്തീകരണവും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ നടപടിയായിരുന്നു അത്. തൊഴിലെടുക്കുന്ന മലയാളികളുടെ സാമൂഹിക അന്തസ്, സാമ്പത്തിക സ്വാതന്ത്ര്യം, ഉപജീവനമാർഗ്ഗം എന്നിവയെ സുസ്ഥിരപ്പെടുത്തിയ

വിപ്ലവകരമായ തീരുമാനമാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം ആർജ്ജിക്കാനും ലോകത്ത് എവിടേയും പോയി ആരോടും മത്സരിച്ച് തൊഴിൽമേഖലയിൽ വിജയം കൈവരിക്കാനുമുള്ള ആത്മവിശ്വാസവും കരുത്തും മലയാളിക്ക് നൽകിയത്. മേൽവിലാസമില്ലാത്ത കോടിക്കണക്കായ ദരിദ്രനാരായണന്മാരുടെ ഇന്ത്യയിൽ ലക്ഷക്കണക്കിന് മലയാളികുടുംബങ്ങൾക്ക് അങ്ങനെ സ്വന്തമായി മേൽവിലാസമുണ്ടായി. കെൽട്രോൺ, സി.ഡി.എസ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ, കാർഷിക സർവ്വകലാശാല, സംസ്ഥാന പ്ലാനിംഗ് ബോർഡ് തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള അൻപതിലധികം സ്ഥാപനങ്ങളാണ് സഖാവ് സി. അച്ചുതമേനോന്റെ ഭരണകാലത്ത് തുടങ്ങിയത്. ഡോ. കെ. എൻ. രാജ്, ഡോ. എം. എസ്. വല്യത്താൻ, ലാറി ബേക്കർ, കെ. പി. പി. നമ്പ്യാർ തുടങ്ങി വിവിധ മേഖലയിലെ പ്രഗത്ഭരുടെ സേവനം കേരളത്തിനായി കൊണ്ടുവന്നു. സി. അച്ചുതമേനോന്റെ കാലത്തെ നടപടികളിൽ മിക്കതിലും കോൺഗ്രസ്സിന്റെ പിന്തുണയുണ്ടായിരുന്നത് ഒരുപക്ഷേ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നുവെന്ന് കരുതാം, കാരണം സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് മറന്നുപോയ ചരിത്രപ്രസിദ്ധമായ കറാച്ചി എ.ഐ.സി.സി പ്രമേയത്തിന്റെ പ്രഖ്യാപനങ്ങളായിരുന്നു സി. അച്ചുതമേനോൻ ഒന്നൊന്നായി

നടപ്പാക്കിയത്. ഇന്ത്യയിൽ പലയിടത്തും വിസ്മരിക്കപ്പെട്ട ദേശീയ പ്രസ്ഥാനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ തൊഴിലാളികളെയും കർഷകരെയും അധഃസ്ഥിതരേയും ഹൃദയത്തോട് ചേർത്ത് നിർത്തി നടപ്പാക്കിയതാണ് കേരളം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനം. കേരളത്തിന്റെ ഇന്നലെകളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ പുരോഗമനപ്രസ്ഥാനത്തിന്റെയും ജനാധിപത്യ പ്രസ്ഥാനത്തിന്റെയും പ്രതിനിധികൾ ആധുനിക കേരളം കെട്ടിപ്പടുത്തുന്നതിൽ നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഓർക്കുന്നു, 1957-ൽ സഖാവ് ഇ.എം.എസ്-ൽ തുടങ്ങി 2016-ൽ സഖാവ് പിണറായി വിജയനിൽ എത്തിനിൽക്കുന്ന 60 ആണ്ട് തികഞ്ഞ കേരളത്തിന് പന്ത്രണ്ട് മുഖ്യമന്ത്രിമാരുണ്ടായി. ഇന്നുള്ള ഓരോരുത്തരും കേരളത്തിന് നൽകിയ സംഭാവന വളരെ വലുതാണ്. നമ്മെ വിട്ടുപിരിഞ്ഞ മഹാന്മാരായ നേതാക്കളെയും ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നു. ജീവിച്ചിരിക്കുന്നവരെ അനുമോദിക്കുന്നു. സാക്ഷര കേരളത്തിന് അഭിമാനാർഹമായ നേട്ടമാണ് ഉണ്ടായിരിക്കുന്നത്. ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ വലിയൊരു കുതിപ്പ് നമുക്ക് കാണാൻ കഴിഞ്ഞു. ഗ്രാമസ്വരാജ് എന്ന ഗാന്ധിജിയുടെ ലക്ഷ്യത്തിലേയ്ക്ക് അധികാര വികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലേയ്ക്ക് എത്തിച്ച കേരള മാതൃക അഭിമാനാർഹമാണ്. ഇതിനെത്തുടർന്ന് സ്ത്രീശാക്തീകരണം

ഒരു വലിയ പ്രസ്ഥാനമായി മുന്നോട്ടുപോയി. ഇന്ന് കേരളീയ സമൂഹത്തിന്റെ എല്ലാ മേഖലകളിലും നിറഞ്ഞുനിൽക്കുന്ന സ്ത്രീ സാന്നിദ്ധ്യത്തിന്റെ വളർച്ചയ്ക്ക് തുടക്കമിട്ടത് കുടുംബശ്രീ പ്രസ്ഥാനവും ജനകീയാസൂത്രണ പ്രസ്ഥാനവുമാണ്. ഇതിനെയെല്ലാം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ഇടപെടലുകളും ഭരണനടപടികളും വഴിവച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. നവോത്ഥാന പ്രസ്ഥാനങ്ങൾ സംഭാവന ചെയ്ത വിപ്ലവബോധത്തിന്റെയും ഇടതുപക്ഷ തൊഴിലാളിപ്രസ്ഥാനങ്ങൾ പകർന്നുനൽകിയ സമത്വത്തിന്റെയും പോരാട്ടത്തിന്റെയും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ജനകീയ അഭിലാഷത്തിന്റെ കരുത്തിൽ 1957 മുതൽ കേരളത്തിലെ പുരോഗമനവാദികളും മനുഷ്യസ്നേഹികളായ നേതാക്കന്മാരും പ്രസ്ഥാനങ്ങളും നടത്തിയ ഭരണവും ഒപ്പം സമരങ്ങളുമാണ് കേരളത്തിന്റെ 60-ാം പിറന്നാളിന് അഭിമാനാർഹമായ തിളക്കം നൽകുന്നത്. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ഉത്തരവാദിത്തമാണ് അറുപതാണ്ട് തികയുമ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് ഏറ്റെടുക്കുന്നത്. നേടിയ നേട്ടങ്ങളെല്ലാം തന്നെ നിലനിർത്തിക്കൊണ്ട് പുതിയ നേട്ടങ്ങൾ കൈവരിക്കാൻ ഒട്ടേറെ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. വജ്രകേരളത്തിലൂടെ മുന്നേറുകയാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി നടത്തുന്ന ഈ പരിശ്രമങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും

പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വജ്രജൂബിലി ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും റവന്യൂ വകുപ്പുമന്ത്രിയുമൊക്കെ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. 1957 മുതൽ ചൂഷണത്തിനെതിരായും യാഥാസ്ഥിതികത്വത്തിനെതിരായും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും പുരോഗമന പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനങ്ങളുമൊക്കെ കേരളത്തിന്റെ 60 ആണ്ടുകൾക്കുള്ളിൽ വഹിച്ച പങ്കും ചരിത്രവുമൊക്കെ ഇവിടെ പ്രതിപാദിച്ചു. അതിനോടൊക്കെ വളരെയധികം യോജിക്കുകയാണ്. ദേശീയ രാഷ്ട്രീയത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും സ്വാതന്ത്ര്യസമരത്തെത്തുടർന്ന് വന്ന നിരവധി നേതാക്കന്മാരുമൊക്കെ കേരളത്തിലും അതിന്റേതായ ഇടപെടലുകളുമായി ചരിത്രത്തിന്റെ ഓരോ ഘട്ടങ്ങളിലുമുണ്ടായിരുന്നു. അതുപോലെതന്നെ മുഖ്യമന്ത്രിയും ശ്രീ. ഇ. ചന്ദ്രശേഖരനും പറഞ്ഞതുപോലെ ചൂഷണത്തിനെതിരായും ജന്മിത്വ നാടുവാഴി സമ്പ്രദായത്തിനും ദാരിദ്ര്യത്തിനും എതിരായുള്ള പോരാട്ടങ്ങൾ നിരവധിയുണ്ടാവുകയും അതിന്റേതായ ഗുണങ്ങൾ 60

കൊല്ലം കഴിഞ്ഞപ്പോൾ ആധുനിക കേരളത്തിലുണ്ടാവുകയും ചെയ്തു. അതോടൊപ്പം തന്നെ നമ്മൾ കാണേണ്ടത് ഈ രാജ്യത്ത് അവശ പിന്നോക്ക ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ഇടയിൽ നടന്ന മറ്റൊരു പ്രവർത്തനമാണ്. ഇംഗ്ലീഷുകാരുടെ വിദ്യാഭ്യാസം വേണ്ട, വിദ്യാഭ്യാസവും പുരോഗതിയും ആവശ്യമില്ലാത്തതാണെന്ന യാഥാസ്ഥിതിക നിലപാടെടുത്ത് ഒരു വിഭാഗം ജനങ്ങൾ നിന്നപ്പോൾ അതിനെതിരായി ഉൽപ്പതിഷ്ണുക്കളായ, നിരവധി പുരോഗമന ചിന്താഗതിക്കാരായ മതപണ്ഡിതന്മാരും നേതാക്കന്മാരും രംഗത്തുവന്ന് നടത്തിയ വലിയ പ്രവർത്തനമുണ്ട്. മാഫദ് തങ്ങളും ശിഹാബ് തങ്ങളുമൊക്കെ അതിന്റെ ആദ്യത്തെയും അവസാനത്തെയും കണ്ണിയായി വരുന്നുണ്ട്. ഞാൻ ലീഗിന്റെ രാഷ്ട്രീയം പറയുകയല്ല. പക്ഷേ ആ പ്രവർത്തനങ്ങളൊക്കെ നമ്മൾ കാണണം. സീതിസാഹിബും സി.എച്ച്. മുഹമ്മദ് കോയയും ചടയൻ ഗോവിന്ദൻ, എം.എൽ.എ.യുമൊക്കെ അന്ന് കേരളത്തിൽ നടത്തിയ പ്രവർത്തനം ഇന്ന് ഉത്തരേന്ത്യയിലൊക്കെ കാണുന്നതുപോലെയുള്ള അവശ ന്യൂനപക്ഷ ബാക്ക്വേർഡ് മൂവ്മെന്റാണ്. അവശ ന്യൂനപക്ഷ ബാക്ക്വേർഡ് മൂവ്മെന്റിന്റെ ഫലമായി കോളേജിലും സ്കൂളിലും

പോകണം, എഴുതാനും വായിക്കാനും അറിയണം എന്നൊക്കെ ജനങ്ങൾക്ക് തോന്നിത്തുടങ്ങി. അതൊന്നും ആവശ്യമില്ല എന്നുപറഞ്ഞിരുന്ന സമയമുണ്ടായിരുന്നു. അതുപോലെ ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്നപ്പോൾ ബ്രിട്ടീഷുകാരും ജന്മിമാരുമൊക്കെ ചേർന്ന് കുടിയാന്മാരോട് നടത്തിയ വലിയ ചൂഷണത്തിനെതിരായി നടന്ന നവോത്ഥാന പ്രവർത്തനങ്ങളും പുരോഗമന പ്രവർത്തനങ്ങളുമായി യോജിച്ചുപോയ ഒരു വലിയ ജനവിഭാഗമാണ് അവർ. അതിനുശേഷം വന്ന സീതി സാഹിബും സി.എച്ച്. മുഹമ്മദ് കോയയും എം.എൽ.എ. ചടയൻ ഗോവിന്ദനുമൊക്കെ സെക്യുലർ കക്ഷികളോട് ചേർന്നുകൊണ്ട് പിന്നീട് ഒരു യാത്രയായിരുന്നു. ആ യാത്രയുടെ റിസൾട്ട് കേരളത്തിൽ ഇന്ന് കാണാനുണ്ട്. കേരളത്തിൽ ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി വലിയ നേട്ടം കൈവരിച്ചു. 1957 മുതലുള്ള 60 വർഷത്തെ നേട്ടങ്ങളെക്കുറിച്ച് നമ്മൾ അഭിമാനം കൊള്ളുന്നു. പക്ഷേ അതേ പ്രവർത്തനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നടത്താൻ നമുക്ക് കഴിഞ്ഞില്ല. നിങ്ങൾക്ക് കഴിഞ്ഞില്ല എന്നുള്ളത് ഞാൻ ഭേദഗതി ചെയ്ത് നമുക്ക് കഴിഞ്ഞില്ല എന്നാക്കുകയാണ്. കാരണം നമുക്ക് കഴിഞ്ഞിരുന്നുവെങ്കിൽ

നന്നായിരുന്നു. കോൺഗ്രസ്സിന് ലേറ്റസ്റ്റായി പല സംസ്ഥാനങ്ങളും കൈവിട്ടുപോകുകയാണ്. കാരണം വർഗ്ഗീയത ഒരു വശത്ത് വരുന്നു, കാശ്മീർ പോലുള്ള സ്ഥലങ്ങളിലൊക്കെ തീവ്രവാദം വരുന്നു എന്നുള്ളതൊക്കെയാണ്. കേരളത്തെ തീവ്രവാദത്തിലേക്കും മതവിശ്വാസത്തിൽ ഇല്ലാത്ത കുറെ ദുഷ്പ്രവണതകളിലേക്കും കൊണ്ടുപോകാതെ നിലനിർത്തി സെക്യുലർ കക്ഷികളോടൊപ്പം ഈ സംസ്ഥാനത്തെ പടുത്തുയർത്തുന്നതിൽ പങ്കുവഹിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇപ്പോഴും ആ അഭിമാനത്തിന്റെ ചരിത്രം ഇവിടെ മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം ആ ചരിത്രത്തിന്റെ അവസാന കണ്ണി എന്ന നിലയിൽ അഭിമാനിക്കുന്നുവെന്ന് പറഞ്ഞു. ആ ചരിത്രത്തിന്റെ ഒരു കണ്ണിയായി ഈ നിയമസഭയിൽ 60-ാമത്തെ വർഷം വന്ന് സംസാരിക്കാൻ കഴിഞ്ഞതിൽ എനിക്കും അതിയായ സന്തോഷമുണ്ട്. ഞാനും അതിൽ അഭിമാനിക്കുന്നു. കേരളത്തിൽ തീവ്രവാദവും ഫാസിസവും ഏറ്റവും അധികം ഭീഷണിയായി വന്നിരിക്കുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്ന നിലയിലേക്ക് നമ്മുടെ സ്റ്റേറ്റ് പോകാതിരുന്നതിൽ

നിങ്ങളൊക്കെ വഹിച്ച പങ്ക് വളരെ വലുതാണ്. ആ കൂട്ടത്തിൽ അവശ പിന്നോക്ക ന്യൂനപക്ഷ ജന വിഭാഗങ്ങളെ ഉൽപ്പതിഷ്ണുക്കളാക്കി അവരെ റിഫോം ചെയ്യതിൽ ഞങ്ങൾ വഹിച്ച പങ്കിലും അങ്ങേയറ്റത്തെ അഭിമാനമുണ്ടെന്ന് ഞാൻ ഇവിടെ എടുത്തുപറയുകയാണ്. നിയമസഭ ചെയ്തുകൊണ്ടിരിക്കുന്ന ആധുനിക പ്രവർത്തനങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞതിൽ എനിക്ക് ഒരഭിപ്രായമുണ്ട്. കേരളത്തിൽ മുമ്പുണ്ടായിരുന്ന നേതാക്കന്മാരൊക്കെ അന്നത്തെ ഭൂപരിഷ്കരണം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ലിറ്ററസിയുണ്ടാക്കുന്നതിലും വമ്പിച്ച വിജയം നേടുകയുണ്ടായി. അതുപോലെതന്നെ നമ്മൾ അഭിമാനിക്കുന്ന ലോകത്തിലെ ഒന്നാം നമ്പർ ആയുർദൈർഘ്യം, ആരോഗ്യപരിപാലനം എന്നിങ്ങനെയുള്ള കാര്യങ്ങളിലും അവർ വിജയിച്ചു. പക്ഷേ നമ്മൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്; നിയമസഭയുടെ പ്രവർത്തനം അധികസമയവും പ്രകടനാത്മകവും പ്രചരണാത്മകവുമായിപ്പോകുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ സീരിയസ്സല്ല. ഞാൻ അങ്ങനെ ഒരഭിപ്രായം പറയുകയാണ്. സീരിയസ്സാകേണ്ട സമയം കഴിഞ്ഞു. കേരളം

ഊഷരഭൂമിയായിക്കൊണ്ടിരിക്കുകയാണ്. വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് ഇന്നത്തെ പത്രത്തിലുണ്ട്. വളരെ ലാഘവബുദ്ധിയോടെ വായിച്ചുതള്ളുകയാണ്. നിയമങ്ങൾ ഇങ്ങനെ പാസ്സാക്കിയിട്ട് കാര്യമുണ്ടോ; പ്രതിപക്ഷനേതാവ് പാസ്സാക്കിയ നിയമങ്ങളെക്കുറിച്ച് പഠനം നടത്തണമെന്ന് ഒരു നിർദ്ദേശം വച്ചു. അതിന്റെ പഠനം നല്ലതാണ്, ഞാൻ എതിർക്കുന്നില്ല. പഠന റിപ്പോർട്ടുകൊണ്ട് അലമാരകൾ നിറഞ്ഞിരിക്കുകയാണ്. പഠന റിപ്പോർട്ടുകൾ ഇങ്ങനെ ഉണ്ടാക്കി കൂട്ടുന്നതിനെക്കാൾ പ്രാക്ടിക്കലായി നമ്മുടെ മുമ്പിൽ കുറെ പ്രശ്നങ്ങളുണ്ട്. നമ്മൾ ധാരാളം നേട്ടങ്ങൾ കൈവരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് ഇൻഫർമേഷൻ ടെക്നോളജി ഞാൻ കൈകാര്യം ചെയ്തു. നേട്ടങ്ങളുടെ പട്ടികയിലേക്ക് കൂട്ടാൻ കുറേ കാര്യങ്ങളുണ്ട്. ഇ-ലിറ്ററസി, ഡിജിറ്റൽ കണക്ടിവിറ്റി, ഇ-ഗവേണൻസ്, ഇ-ഡിസ്ട്രിക്ട്, ഇ-ഇന്നൊവേഷൻ, ഇ-പ്രൊക്യൂർമെന്റ്, ഇ-റെഡിനസ് എന്നീ കാര്യങ്ങളിൽ കേരളം ഇപ്പോൾ ഒന്നാമതാണ്. കേരളം ഒരു ഡിജിറ്റൽ സൊസൈറ്റിയായി മാറിക്കഴിഞ്ഞു. ഞങ്ങളുടെ ഭരണത്തിന്റെ അവസാനത്തിൽ അങ്ങനെയൊരു പ്രഖ്യാപനം നടത്തിയിട്ടാണ് പോയത്.

അങ്ങനെയൊരു സ്ഥാനത്ത് എത്തിക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെയധികം അഭിമാനമുണ്ട്. പക്ഷേ വളരെ ഗുരുതരമായ രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ട്. ഗവൺമെന്റ് നിങ്ങളുടേതാണ്. ഞങ്ങൾ പ്രതിപക്ഷത്താണ്. സഹകരിച്ച് ആലോചിക്കേണ്ട ഒരു വിഷയമാണ്. ഇവിടെ പറഞ്ഞതുപോലെ യൂറോപ്പിൽ മരുഭൂമി ഉണ്ടാകുമെന്ന് പറഞ്ഞു. ഇവിടെയും മരുഭൂമിയാകുമോ; കാലാവസ്ഥയിൽ വമ്പിച്ച വ്യതിയാനമുണ്ട്. 60 ആണ്ട് തികയുന്ന ഈ സന്ദർഭത്തിൽ നമ്മൾ കൂട്ടായി ആലോചിക്കേണ്ട ഒരു വിഷയമാണ്. വേസ്റ്റ് കളയുന്നതിന് ഞങ്ങളൊരു അശ്രാന്ത പരിശ്രമം നടത്തി. കുറച്ചുസമയം ആ വകുപ്പ് ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. പക്ഷേ കേരളത്തിൽ ഒരിടത്തും ആധുനികരീതിയിലുള്ള മാലിന്യ പ്ലാന്റ് ഉണ്ടാക്കുന്നതിന് ആരും സമ്മതിക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. വേസ്റ്റ് കൊണ്ട് നിറയുകയാണ്. എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം മലിനമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം ഇതാണ്. നിയമം പാസ്സാക്കിയാൽ മാത്രം പോരാ. അതിനുള്ള സൊല്യൂഷനും വേണം. അതുപോലെയുള്ള കുറെ പ്രശ്നങ്ങളുണ്ട്. ഇവിടെ

ഇക്കണോമി നന്നാകണമെങ്കിൽ നമുക്ക് എന്താണ് ചെയ്യാൻ പറ്റുന്നത്; ഐ.ടി., ടൂറിസം, ഹെൽത്ത്, എഡ്യൂക്കേഷൻ എന്നീ മേഖലകളെ വേർതിരിച്ച് സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കാൻ പറ്റുമോ എന്ന് നമ്മൾ ചിന്തിക്കണം. എല്ലായ്പ്പോഴും ഗൾഫ് ഉണ്ടാകുമോ; ഗൾഫ് തീർന്നുകൊണ്ടിരിക്കുകയാണ്. ഗൾഫിലെ സ്വദേശീവൽക്കരണം ചെറുതായി കാണേണ്ട; അതിശീഘ്രം പോകുകയാണ്. സൗദി അറേബ്യയിൽ എല്ലാ രംഗത്തേക്കും അവർ സ്വദേശീവൽക്കരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വരുമാനം ഇല്ലാതായാൽ അവർ ഇവിടെ നിന്നും ജോലിക്കാരെ കൊണ്ടുപോകുന്നത് നിർത്തും. നമ്മൾ ഇപ്പോൾ ചെയ്ത കാര്യങ്ങളിലൊക്കെ അഭിമാനം കൊണ്ടു. ഗൾഫിൽ നിന്നുള്ള വരുമാനംകൂടി വന്നില്ലായിരുന്നുവെങ്കിൽ നമ്മൾ ചെയ്ത കാര്യങ്ങളൊന്നും അത്ര അഭിമാനത്തോടുകൂടി പറയാൻ കഴിയില്ല. ഗൾഫിൽ മാത്രമല്ല വിദേശങ്ങളിലും ഇന്ത്യയിലെ പല സ്ഥലങ്ങളിലും മലയാളികളുടെ ഉപജീവനത്തിന് വേണ്ടിയുള്ള അശ്രാന്ത പരിശ്രമം ഇതിന്റെ കൂടെയില്ലായിരുന്നുവെങ്കിൽ ഇന്നത്തെ അഭിമാനകരമായ അവസ്ഥ

ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് ആ വഴികളൊക്കെ അടയുന്നുണ്ട് എന്നതും സീരിയസായ വിഷയമാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് നമ്മൾ സീരിയസായി ആലോചിക്കേണ്ട സമയമായി. ക്യാമറയുടെ മുമ്പിൽ നിൽക്കുമ്പോൾ അതിനനുസരിച്ച് സംസാരിക്കണം എന്നുള്ളൊരു ചിന്ത നമ്മുടെയൊക്കെ ഉപബോധ മനസ്സിലുണ്ട്. പ്രശ്നങ്ങളെ നമ്മൾ അഡ്രസ് ചെയ്യുന്നില്ല. അതിന് കൂട്ടായി കാര്യങ്ങൾ ആലോചിക്കാനും, 60-ാം ആണ്ടിൽ റിവ്യൂ നടത്താൻ പ്രേരണ വരട്ടെ എന്നുകൂടി ഞാൻ ആശംസിക്കുന്നു. വജ്രജൂബിലി ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ അതിന്റേതായ പങ്കുവഹിക്കാൻ കഴിഞ്ഞ എല്ലാ മൂവ്മെന്റുകൾക്കും അഭിമാനിക്കാം. ഈ അഭിമാനത്തിൽ ഞാനും പങ്കുചേരുന്നു. എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യാ വിഭജനം നടന്നപ്പോൾ പല പ്രദേശങ്ങളിലും സംഘട്ടനങ്ങളുണ്ടായ അവസരത്തിൽ മതപരമായ ഐക്യം കാത്തുസൂക്ഷിക്കാനും നിലനിർത്താനും കേരളത്തിന് സാധിച്ചു. സ്വാതന്ത്ര്യ

സമ്പാദനത്തോടുകൂടി രാജാക്കന്മാർ സ്വന്തം സ്റ്റേറ്റാക്കാൻ പരിശ്രമിച്ചപ്പോൾ അതിനെയും നേരിടാൻ മലയാളികൾക്ക് സാധിച്ചു. അതോടൊപ്പം സ്വാതന്ത്ര്യ സമരകാലത്ത് കോൺഗ്രസ് വിഭജിച്ചപ്പോൾ കോൺഗ്രസ്സിന്റെ നേതാക്കളായിരുന്ന പലരും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെയും നേതാക്കളായി മാറി. അങ്ങനെ കോൺഗ്രസിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെയും സോഷ്യലിസ്റ്റ് പാർട്ടി നേതാക്കളുടെയും കോൺഗ്രസ് നേതാക്കളുടെയും പ്രവർത്തനത്തിന്റെ ഫലമായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാളും വികസനപരമായ കാര്യങ്ങൾ ചെയ്യാൻ സാധിച്ച ഒരു സംസ്ഥാനമായി കേരളം മാറി. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരികയും മതപരമായ ഐക്യം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ മറ്റ് സ്റ്റേറ്റുകളിലെ പല പ്രശ്നങ്ങളും നമുക്കൊരു പാഠമാണ്. ലോകത്തിൽ നമ്മളെപ്പോലെ വിവിധ മതക്കാർ താമസിക്കുന്ന മറ്റൊരു പ്രദേശമില്ല. എന്നിട്ടും നമ്മൾ ഐക്യത്തിൽ ജീവിക്കുന്നു. ഏതെങ്കിലും

ദൗർഭാഗ്യകരമായ സംഭവങ്ങളുണ്ടായാൽ നമ്മുടെ മതപരമായ ഐക്യവും രാജ്യത്തിന്റെ സമാധാനവും തകർക്കപ്പെടുമെന്ന് കഴിഞ്ഞ കാലത്തുള്ള അനുഭവങ്ങളിൽ നിന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ യോജിപ്പിന്റേതായ അന്തരീക്ഷമുണ്ടാക്കാൻ നമുക്ക് സാധിക്കേണ്ടതാണ്. ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളേക്കാളും സാധാരണക്കാരായ ജനങ്ങൾക്ക് സഹായകരമായ പലതും ചെയ്യാൻ ബഹുമാനപ്പെട്ട ഇ.എം.എസ്.-ന്റെ മുഖ്യമന്ത്രിപദം തുടങ്ങി ശ്രീ. പിണറായി വിജയന്റെ ഈ കാലഘട്ടം വരെയുള്ള സമയത്ത് സാധിച്ചു. നമ്മൾ തിരിഞ്ഞ് നോക്കുമ്പോൾ നമ്മുടെ കാർഷിക മേഖല എവിടെ എത്തി നിൽക്കുന്നു; 1957-ൽ ഉണ്ടായിരുന്ന കാർഷിക മേഖല സംരക്ഷിക്കപ്പെടുന്നുണ്ടോ; ഇവിടുത്തെ പരിസ്ഥിതിയെയും വനങ്ങളെയും സംരക്ഷിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ; ഇതുപോലുള്ള ഗൗരവതരമായ പ്രശ്നങ്ങൾ നമ്മുടെ മുൻപിലുണ്ട്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ, അറേബ്യൻ രാജ്യങ്ങളിലെ പ്രതിസന്ധിയിൽപ്പെട്ട് മലയാളികൾ കേരളത്തിലേയ്ക്ക് വരുമ്പോൾ അവരെ സംരക്ഷിക്കാനും അവർക്ക് തൊഴിൽ കൊടുക്കാനുമടക്കം കേരളത്തെ

അടിയന്തരമായി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കേരളപ്പിറവിയുടെ വജ്ര ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരിച്ചുവരുന്നതാണ്. ആ മലയാളികൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്ന രൂപത്തിൽ എല്ലാവരും യോജിച്ച് കൂടുതൽ ഐക്യത്തോടുകൂടി മുന്നോട്ടുപോകാൻ സാധിക്കണം. മതപരമായ ഭിന്നിപ്പ് നമുക്ക് മാത്രമല്ല, ഒരു മതത്തിലുള്ള വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടങ്ങൾ ലോകത്ത് പലയിടത്തും നടക്കുന്നു. വർഗ്ഗീയമായ സംഘട്ടനത്തിന്റെ ഫലമായി, ഏറ്റുമുട്ടലിന്റെ ഫലമായി ആരും നമ്മുടെ നാട്ടിലും ലോകത്തും വിജയിക്കില്ല. അങ്ങനെയുള്ള അനുഭവങ്ങൾ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നമുക്ക് അത്തരത്തിലുള്ള പ്രശ്നത്തെ സംബന്ധിച്ച് ആലോചിക്കേണ്ട ആവശ്യമില്ല. അതിനാൽ മതപരമായ സൗഹാർദ്ദമുണ്ടാകണം. നമ്മളെല്ലാവരും വിസ്മരിച്ച ഒരു വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗം. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടും കേരളം രൂപീകരിച്ച് 60 കൊല്ലമായിട്ടും തങ്ങൾക്ക് മറ്റ് വിഭാഗങ്ങളെപ്പോലെ അർഹതപ്പെട്ടത് ലഭിച്ചില്ലെന്ന് വസ്തുതാപരമായി ആവശ്യപ്പെടുന്ന

മതന്യൂനപക്ഷങ്ങളും പട്ടികജാതി-പട്ടികവർഗ്ഗവും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും ഇന്ത്യാ രാജ്യത്തും കേരളത്തിലുമടക്കമുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമുക്ക് എങ്ങനെ പ്രവർത്തിക്കാൻ സാധിക്കും. 50 ശതമാനത്തോളം വരുന്ന ആളുകളുടെ തൃപ്തിയിൽ നിന്ന് മാറി താഴോട്ടുള്ള ജനവിഭാഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും എല്ലാവരും യോജിച്ച് പരിശ്രമിക്കണം. കഴിഞ്ഞ കാലം നമുക്ക് അഭിമാനകരമാണ്. അഴിമതിയെ സംബന്ധിച്ച് പറയുമ്പോൾ ആർ. ശങ്കറിനെപ്പറ്റിയുണ്ടായ ആരോപണം, ഒരു ജീപ്പ് കൊടുക്കുന്നതിന് മുൻഗണന നോക്കാതെ ഒൻപതാമന് കൊടുക്കേണ്ടത് പത്താമന് കൊടുത്തുവെന്നതായിരുന്നു ആക്ഷേപം. ചെറിയൊരു മാലയെപ്പറ്റിയുള്ള ആക്ഷേപവും പഴയ കാലത്തുണ്ടായി. അതെല്ലാം മാറി നമ്മൾ ഇവിടെയെത്തി. അഴിമതിക്കെതിരായ പോരാട്ടം നടത്താൻ എങ്ങനെ കേരളത്തിന് സാധിക്കും. കേരളത്തിലെ ഏതൊരാൾക്കും ഭയപ്പാടില്ലാതെ ജീവിക്കാൻ കഴിയുന്ന സാഹചര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമീപകാലത്ത് നടത്തിയ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ

ആക്സിഡന്റിന്റെ ഫലമായല്ലാതെ മതപരമായ ഒരുതരത്തിലുമുള്ള രക്തച്ചൊരിച്ചിലിന്റെയോ മനുഷ്യന്റെ ത്വരയുടെയോ ക്രൂരതയുടെയോ ഫലമായോ ആളുകൾ നഷ്ടപ്പെടുന്ന സാഹചര്യമില്ലാത്ത കേരളത്തെ രൂപപ്പെടുത്താൻ നമുക്ക് സാധിക്കണം. മറ്റ് ബഹുമാനപ്പെട്ടവർ കേരളത്തെപ്പറ്റി പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്നിവിടെ സഭ പൊതുവായി പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിന്റെ 60 വർഷങ്ങൾ ക്രിയാത്മകമായ മാറ്റത്തിന്റെയും സാമൂഹിക മുന്നേറ്റത്തിന്റെയും നാളുകളായിരുന്നു. രാജഭരണത്തിൽ നിന്നും കോളനി സാമ്രാജ്യത്വത്തിൽ നിന്നും ജനാധിപത്യത്തിലേയ്ക്കുള്ള മാറ്റം ഒരുപാട് ത്യാഗങ്ങളുടെയും സമർപ്പണത്തിന്റെയും ധീരകഥകളുടെ പശ്ചാത്തലത്തിലാണ്. ആ പൂർവ്വികരെ നമുക്ക് ഈ സന്ദർഭത്തിൽ സ്മരിക്കാം. ഐക്യ കേരളം രൂപീകൃതമായി 6 ദശാബ്ദങ്ങൾ പിന്നിടുമ്പോൾ കോട്ടങ്ങളുടെ ഇടയിലും മാറ്റങ്ങളെക്കുറിച്ച് നമുക്ക് അഭിമാനത്തോടെ പറയുവാൻ കഴിയും. കാളവണ്ടിയിൽ നിന്നും അതിവേഗ മെട്രോ റെയിലിന്റെ കാലഘട്ടത്തിലേയ്ക്ക് നമ്മൾ മാറി. വേഗത പുൽകുന്ന

മലയാളി സമൂഹത്തെയാണ് നമുക്കിന്ന് കാണുവാൻ കഴിയുന്നത്. എന്നാൽ ഈ വേഗത ഇന്ന് എല്ലാ തലങ്ങളിൽ നിന്നും വ്യക്തിഗത ജീവിത്തിലേയ്ക്കുവരെ കടന്നുവന്നിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ആദ്യം എന്ന ചിന്ത നമ്മളിലെ നല്ല മൂല്യങ്ങളെ തകർത്തുകളഞ്ഞുവെന്ന ആത്മപരിശോധന നടത്തേണ്ട വേളയിലാണ് നമ്മൾ നിൽക്കുന്നത്. പത്രങ്ങളിൽ നിന്ന് ലോകത്തെയും രാജ്യത്തെയും അറിഞ്ഞിരുന്ന മലയാളി ഇന്ന് നവമാധ്യമത്തിന്റെ കാലഘട്ടത്തിൽ എത്തിനിൽക്കുന്നു. ഇതിന്റെ ശരിതെറ്റുകൾ അറിയുന്നതിന് മുമ്പ് അതിനെ പുൽകിയ ഒരു സമൂഹത്തെ ഇന്ന് നമ്മൾ കാണുകയാണ്. ലോകത്ത് എല്ലായിടത്തും മലയാളി സാന്നിദ്ധ്യമുണ്ട്. അദ്ധ്വാനിക്കുവാനുള്ള ഇച്ഛാശക്തിയാണ് മലയാളിയെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടുവാൻ പ്രാപ്തനാക്കുന്നതെന്നത് ഒരു വസ്തുതയാണ്. കേരളത്തിലെ സാമൂഹ്യ മാറ്റങ്ങൾക്ക് തിരിതെളിച്ച നവോത്ഥാന നായകന്മാർ, ദീർഘവീക്ഷണമുള്ള ഭരണകർത്താക്കൾ നിയമസഭാ സാമാജികർ, മണ്ണിനെ പൊന്നാക്കിയ കർഷകർ, കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ശക്തമായ അടിത്തറ പാകിയ പ്രവാസികൾ, ജന്മനാടിന്റെ യശസ്സ് വിവിധ തലങ്ങളിൽ ഉയർത്തിയ ശാസ്ത്ര-

സാഹിത്യ-വിദ്യാഭ്യാസ- കലാ-കായിക മേഖലകളിലുള്ള നമ്മുടെ സഹോദരർ എന്നിവരെയൊക്കെ ഈ സന്ദർഭത്തിൽ നമുക്ക് സ്മരിക്കാം. സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ എന്നും കേരളം മാതൃകയാണെങ്കിൽ ആ മാതൃക നിലനിർത്തുവാൻ വലിയ ഇച്ഛാശക്തിയുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് ഞാൻ സൂചിപ്പിക്കട്ടെ. നമ്മുടെ സാംസ്കാരികതയിലേയ്ക്ക് ഇന്ന് കടന്നുവരുന്ന വെല്ലുവിളികൾ സാമൂഹികമായ ജീർണ്ണതകൾക്ക് കാരണമാകുന്നു. ഈ ജീർണ്ണതകൾ തലയുയർത്തുന്നുവെന്നതാണ് വർത്തമാനകാലത്ത് നമ്മെ ഏറെ അലോസരപ്പെടുത്തുന്നത്. മലയാള ഭാഷ ശ്രേഷ്ഠഭാഷാ പദവിയിൽ എത്തിനിൽക്കുന്നു. മാതൃഭാഷയെന്നത് ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല നമ്മുടെ സാംസ്കാരികതയുടെ പ്രതിഫലനം കൂടിയാണ്. ആ ഭാഷയുടെ നന്മ പുതുതലമുറയിലേയ്ക്ക് പകരുവാൻ കഴിയട്ടെ. ഇന്നലെ വരെ കേരളം നേടിയത് ഇന്ന് നിലനിർത്തുവാനും നാളെ അത് കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഉയരുവാനുമുള്ള സാഹചര്യങ്ങൾ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിച്ച് സാഫല്യമാക്കാം. അതിന് നമുക്ക് സാധ്യമാകട്ടെയെന്ന് കേരളപ്പിറവിയുടെ ഈ 60-ാം വാർഷികത്തിൽ ഞാൻ

ആശംസിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, സ്വാതന്ത്ര്യ സമരത്തിന്റെ ബലിവേദിയിൽ ജീവാർപ്പണം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളുടെയും ധീര ദേശാഭിമാനികളുടെയും അനുസ്മരണയ്ക്ക് മുൻപിൽ ഈ അറുപതാം കേരളപ്പിറവിയുടെ സന്ദർഭത്തിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. കേരളത്തിന്റെ അറുപതാം വർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ ഞാനൽപ്പം പുറകിലേക്ക് നോക്കുകയാണ്. ഞാൻ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ ഗാന്ധിത്തൊപ്പി ധരിച്ച് മുദ്രാവാക്യം വിളിച്ച് പഠിപ്പു മുടക്കി രംഗത്തിറങ്ങിയകാലം. നിയമസഭാ സ്പീക്കറായിരുന്ന ആർ. വി. തോമസിന്റെ നേതൃത്വത്തിൽ മീനച്ചിൽ താലൂക്കിൽ നടന്ന സമരരംഗത്തേക്ക് വിദ്യാർത്ഥികളും ഇറങ്ങി. അന്ന്, സെന്റ് തോമസ് ഹൈസ്കൂളിൽനിന്ന് ഞാനുൾപ്പെടെ ഒരുസംഘം വിദ്യാർത്ഥികൾ പൊൻകുന്നത്തിനടുത്തുള്ള കുരാലിയിൽ മഞ്ഞപ്പിള്ളി രാമകൃഷ്ണപിള്ള നടത്തുന്ന ഒരു വിദ്യാലയത്തെ ജാഥയായി ചെന്ന് പൂട്ടിച്ചു. സ്കൂൾ അടപ്പിച്ച് ഞങ്ങൾ പുറത്തേയ്ക്ക് ഇറങ്ങുമ്പോഴാണ് ശ്രീചിത്തിരതിരുനാൾ മഹാരാജാവ് തിരുവിതാംകൂറിന്

സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു എന്ന വാർത്ത കേട്ടത്. ഇതിൽക്കൂടുതൽ സന്തോഷകരമായ ഒരു വാർത്തയില്ല. ഞാൻ ആ സന്ദർഭം ഈയവസരത്തിൽ ഓർത്തു എന്നുമാത്രമേയുള്ളൂ. ആ പൂർവ്വകാല സ്മരണകൾ എന്റെ മനസ്സിലൂടെ വരികയാണ്. 1949 നവംബർ 26-നാണ് തിരുവിതാംകൂറിന് സ്വാതന്ത്ര്യം ലഭിക്കുന്നത്. ഇതിനെത്തുടർന്ന് ഇന്ത്യയിലെ സ്ഥിതി നമ്മൾ പരിശോധിക്കുമ്പോൾ, നവംബർ 26-ന് പാർലമെന്റ് കോൺസ്റ്റിറ്റ്യൂഷൻ പാസ്സാക്കി. 1950 ജനുവരി 26-ന് ഇന്ത്യ റിപ്പബ്ലിക്ക് ആയി. ബഹുമാനപ്പെട്ട ഫൈസൽ അലി ചെയർമാനായും സർദാർ കെ. എം. പണിക്കർ, ഹൃദയനാഥ് കുൻസ്റു എന്നിവർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാന പുനഃസംഘടന കമ്മീഷനെ നിയമിക്കപ്പെടുകയുണ്ടായി. 1956-ലെ ഇന്ത്യ - സംസ്ഥാന പുനഃസംഘടനാ നിയമമാണ് ഐക്യ കേരളം യാഥാർത്ഥ്യമാക്കിയത്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെക്കൻ തിരുവിതാംകൂറിലെ നാല് താലൂക്കുകളും ചെങ്കോട്ടയുടെ ഒരു ഭാഗവും മദിരാശി സംസ്ഥാനത്തിലേക്ക് പോയി. മലബാറും കാസർഗോഡ് താലൂക്കുകളും തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തു. പക്ഷേ തോവാള, അഗസ്തീശ്വരം, വിളവൻകോട്, കൽക്കുളം

എന്നീ താലൂക്കുകളും കന്യാകുമാരിയും നമുക്ക് നഷ്ടപ്പെടുകയുണ്ടായി.

1956 നവംബർ 1-ന് ശ്രീചിത്തിരതിരുനാൾ രാജപ്രമുഖ സ്ഥാനത്തു നിന്നും വിരമിച്ചു. എൻ.ഇ.എസ്. രാഘവാചാരി ചീഫ് സെക്രട്ടറിയായി നിയമിതനായി. 1956-ൽ കേരള ജനറൽ ഇലക്ഷൻ വന്നു. ഐക്യ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായി ഇ.എം.എസ്. നമ്പൂതിരിപ്പാട് സ്ഥാനമേറ്റു. 60 വർഷത്തിനിടയിൽ നോക്കുമ്പോൾ വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിക്കുകയുണ്ടായി. ആഭ്യന്തര ഉൽപ്പാദനം 380 കോടിയിൽ നിന്ന് അഞ്ച് ലക്ഷത്തിൽപ്പരം കോടിയിലെത്തി. പെർകാപിറ്റ ഇൻകം 250 രൂപയിൽനിന്ന് ഒന്നര ലക്ഷം രൂപയായി വർദ്ധിച്ചു. ഐക്യ കേരളത്തോടെ സംസ്ഥാനത്തിന്റെ വിസ്തൃതി വലുതായി. വൻ നേട്ടങ്ങൾ കൊയ്തെടുത്തു. പക്ഷേ സ്പിരിറ്റിൽ ഐക്യ കേരളം ഇനിയും പിറക്കേണ്ടിയിരിക്കുന്നു എന്നാണെന്റെ അഭിപ്രായം. കാരണം ഇന്ന് നാം ഐക്യ കേരളമെന്നു പറയുന്നെങ്കിലും ഐക്യമുണ്ടോ നമ്മുടെയിടയിൽ, ജനസമൂഹത്തിന്റെ ഇടയിൽ എന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. വളരെ വ്യസനത്തോടുകൂടി പറയട്ടെ മതം, ജാതി, രാഷ്ട്രീയ കക്ഷി ചിന്തകൾ,

എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ധ്രുവങ്ങളിൽ നാം നിൽക്കുകയാണ്. ഫണ്ടമെന്റലിസമാണ് ഇന്നത്തെ ഏറ്റവും വലിയ ശത്രു. മത മൗലിക വാദികൾ, മത മൗലിക വാദമാണ് നമ്മുടെ ശത്രു. മതം നമുക്ക് ആവശ്യമാണ്. മതത്തിന്റെ പേരിലുള്ള മൗലിക ചിന്തകൾ, മൗലിക വാദം, മത ഭ്രാന്ത് അത് നമ്മെ നശിപ്പിക്കുന്നു. നമ്മുടെ ഇടയിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്നു. അതിനെതിരെ നമ്മൾ ജാഗരൂഗരായി നിൽക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. യഥാർത്ഥ ദേശിയോദ്ഗ്രഥനം ഇനിയും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. നാമെല്ലാം സഹോദരങ്ങൾ എന്നുള്ള ചിന്തയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. നാമെല്ലാം കേരളീയർ, നാമെല്ലാം ഇന്ത്യാക്കാർ, എന്നുള്ള ചിന്തയായിരിക്കണം നമ്മളെ നയിക്കേണ്ടത്. അതിന് കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

രാഷ്ട്രീയ പ്രവർത്തനത്തിന് മാന്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള കാര്യം നമ്മൾ വിസ്മരിക്കരുത്. സമൂഹത്തിന്റെ ദൃഷ്ടിയിൽ പണ്ടുണ്ടായിരുന്ന മാന്യത ഇന്ന് രാഷ്ട്രീയ പ്രവർത്തനത്തിനില്ല. പക്ഷേ അത് വീണ്ടെടുക്കണം. അത് വീണ്ടെടുക്കണമെങ്കിൽ സാമൂഹ്യ സേവന രംഗത്തേക്ക് കൂടുതലായി ഇറങ്ങണം. ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ലെജിസ്ലേറ്റീവ്

അസംബ്ലി എന്നാണ് പേര്. പക്ഷേ നിയമനിർമ്മാണത്തേക്കാൾ രാഷ്ട്രീയ കാര്യങ്ങൾക്കും വിവാദങ്ങൾക്കുമായി ഈ സഭയിലെ ചർച്ചകൾ മാറുന്നു എന്നത് വാസ്തവത്തിൽ പറഞ്ഞാൽ വളരെ ഉത്കണ്ഠാജനകമായ കാര്യമാണ്. നമ്മുടെ നിലവാരം വളരെ താഴുന്നു. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളത് ഞാനുൾപ്പെടെ എല്ലാവരും ആലോചിക്കുക എന്നുമാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയുവാനായിട്ടുള്ളൂ. അതിന് പരിഹാരമുണ്ടാക്കണം. നമുക്ക് നമ്മുടെ മാന്യത വീണ്ടെടുക്കേണ്ടതായിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം പല കാര്യങ്ങളിലും നാം മുന്നിൽ നിൽക്കുന്നു. മനുഷ്യ വിഭവശേഷിയിലും മറ്റ് ജീവിത മേന്മയിലുമെല്ലാം നമ്മൾ മുന്നിൽ നിൽക്കുന്നു. പക്ഷേ അത് പോര. നമുക്കിനിയും ഈ രംഗങ്ങളിൽ കൂടുതൽ അഭിവൃദ്ധി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഭൗതിക സമൃദ്ധിയും ആധ്യാത്മിക മികവും കൂടുതൽ ആർജ്ജിക്കണം. അതിനായി നമുക്ക് വളരെയധികം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ഇനിയും എത്രയോ വികസന സാധ്യതകൾ നമ്മുടെ സംസ്ഥാനത്തിനുണ്ട്. ആ വികസന സാധ്യതകൾ മുഴുവൻ നമ്മൾ വിനിയോഗിക്കുന്നുണ്ടോ എന്നുള്ളത്

സംശയകരമായ കാര്യമാണ്. ആ വികസന സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തെ മുന്നോട്ടു നയിക്കുവാൻ, കൂടുതൽക്കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുവാൻ നമുക്ക് കഴിയട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഐക്യ കേരളത്തിന്റെ അറുപതാമത് പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ നിയമസഭയുടെ ഈ വികാരത്തോടൊപ്പം ഞാനും മലയാളികൾക്കെല്ലാം എന്റെ ഹൃദ്യമായ ആശംസകൾ നേരുകയാണ്. അങ്ങും ഇവിടെ സംസാരിച്ച പ്രമുഖരായ അംഗങ്ങളും കേരളം ഇന്നെത്തി നിൽക്കുന്ന സ്ഥിതിയെക്കുറിച്ച് നല്ലൊരു ചിത്രമാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ശ്രീ. കെ. എം. മാണി സാർ ഇവിടെ സംസാരിച്ചു. എനിക്ക് തോന്നുന്നു, 1967-ലെ നിയമസഭയിൽ അദ്ദേഹം ഉണ്ടായിരുന്നു. അതുകഴിഞ്ഞാൽ ഏറ്റവും പഴയ എം.എൽ.എ. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ആണ് എന്നെനിക്ക് തോന്നുന്നു. രണ്ടു പേരെയും പ്രത്യേകമായി അനുമോദിക്കാൻ ഈ സന്ദർഭം ഞാൻ

ഉപയോഗപ്പെടുത്തുകയാണ്. ശ്രീ. കെ. എം. മാണി തന്നെ ഇവിടെയൊരുകാര്യം പറയുകയുണ്ടായി. 1957-ലാണ് കേരളത്തിൽ ആദ്യമായി തെരഞ്ഞെടുപ്പിലൂടെ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഒരു സർക്കാർ അധികാരത്തിൽ വന്നത് എന്ന്. ആ കാലത്താണ് നിയമസഭയ്ക്ക് പുറത്ത് കേരളം കണ്ട ഏറ്റവും വലിയ ജനകീയ സമരം നടന്നത്. സമരം പുറത്ത് കത്തിക്കാളുകയും വെടിവയ്പ്പുവരെ ഉണ്ടാകുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. പക്ഷേ അങ്ങിവിടെ അനുസ്മരിച്ചത്, ആ കാലത്തും ഇവിടെ സഭ സമ്മേളിച്ചിരുന്നു. ആ സഭാ രേഖകൾ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഒന്ന് വായിച്ചു നോക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ അന്തസ്സാർന്ന നിയമസഭാ പ്രവർത്തനം എങ്ങനെയാണ് നടത്താൻ കഴിയുക എന്നതിന്റെ മികച്ച ഉദാഹരണമായിരുന്നു ആ കാലത്തെ പ്രതിപക്ഷവും ഭരണപക്ഷവും കാഴ്ചവച്ചത്. 1967-ലും വലിയ ജനകീയ സമരങ്ങൾ നിയമസഭയ്ക്ക് പുറത്തു നടന്നു. പക്ഷേ അന്നത്തെ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങളും പ്രതിപക്ഷ അംഗങ്ങളും ആ സഭയുടെ അന്തസ്സ് ചോരുന്ന തരത്തിലുള്ള എന്തെങ്കിലും വാക്കോ പ്രവൃത്തിയോ പ്രയോഗമോ

നടത്തിയിരുന്നോ എന്ന കാര്യവും നമ്മൾ പഠിക്കേണ്ടത് ഈ അറുപതാം വാർഷിക ദിനത്തിൽ എത്തിനിൽക്കുന്ന ഈ മുഹൂർത്തത്തിൽ അനിവാര്യമാണെന്ന് ഞാൻ കരുതുകയാണ്. അതുപോലെത്തന്നെ നാം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് നല്ലൊരു വിശദീകരണമാണ് ഇവിടെ ലഭിച്ചത്. നാം അഭിമാനിക്കുന്നത് കേരളാ മോഡൽ വികസനത്തെക്കുറിച്ചാണ്. എല്ലാ മോഡൽ വികസനത്തിനും വർത്തമാനകാല യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട നവീകരണങ്ങൾ ആവശ്യമാണ്. അപ്പോൾ നാം ഏറെ അഭിമാനിക്കുന്ന കേരളാ മോഡൽ വികസനത്തിന്റെ നവീകരണത്തെക്കുറിച്ച് ചിന്തിക്കാനുള്ള കാലവും ഇതാണെന്ന് ഞാൻ കരുതുകയാണ്. ഏറ്റവും ആശങ്കയുണ്ടാക്കുന്നത് നാം അഭിമാനിച്ച നവോത്ഥാന മൂല്യങ്ങളെക്കുറിച്ചാണ്. നവോത്ഥാന മൂല്യങ്ങൾ വെല്ലുവിളിക്കപ്പെടുകയല്ലേ; നവോത്ഥാന മൂല്യങ്ങളെ മറ്റു തരത്തിൽ വ്യാഖ്യാനിച്ച് വർഗ്ഗീയതയുടേയും ജാതീയതയുടേയും ചാതുർവർണ്ണ്യത്തിന്റേയും പഴയ സംസ്കാരത്തിലേക്ക് മനുഷ്യ ചിന്തയെ കൊണ്ടു പോകാനുള്ള ശ്രമങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയല്ലേ; ഈ തിരിച്ചു പോക്കിന് എതിരായുള്ള ജാഗ്രത കാണിക്കുമെന്നുള്ള പ്രതിജ്ഞ എടുക്കേണ്ട സമയവും

ഇതാണെന്ന് എനിക്കു തോന്നുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ തരത്തിൽ അഭിമാനകരമായ പാരമ്പര്യത്തിന്റെ ഉന്നതികളിൽ നാം നിൽക്കുമ്പോഴും കൈമോശം വന്നുപോയവയെ തിരിച്ചു പിടിക്കാനും പുതിയത് സൃഷ്ടിക്കാനുമുള്ള ഒരു നവകേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ് നമ്മളിപ്പോൾ ഏർപ്പെടേണ്ടത്. തീർച്ചയായും പുതിയ സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ, എല്ലാവരും ചേർന്ന് നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾ കേരളത്തിന് നാളേയും അഭിമാനിക്കാൻ കഴിയുന്ന ഒരു നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരാൻ കഴിയുമെന്ന ശുഭപ്രതീക്ഷയോടുകൂടി എല്ലാവർക്കും ഒരിക്കൽകൂടി ആശംസകൾ നേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അങ്ങും, മുഖ്യമന്ത്രിയും, പ്രതിപക്ഷനേതാവും, മറ്റു കക്ഷി നേതാക്കളുമെല്ലാം രേഖപ്പെടുത്തിയ നല്ല വാക്കുകളോട് ഞാൻ യോജിക്കുകയാണ്. പല ചരിത്ര നിയമനിർമ്മാണങ്ങളും ചരിത്ര സംഭവങ്ങളും നടന്ന ഒരു സഭയാണ് ഇത്. ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ജനാധിപത്യ വോട്ടവകാശവുമായി അധികാരത്തിലെത്തി എന്ന

ചരിത്രം മുതൽ ഭൂപരിഷ്കരണ നിയമം, ജനകീയാസൂത്രണം, സമ്പൂർണ്ണ സാക്ഷരത, കുടുംബശ്രീ പദ്ധതികൾ, മലയാള ഭാഷയെ ശ്രേഷ്ഠഭാഷയാക്കുന്നത്, മലയാളം സർവ്വകലാശാല, അങ്ങനെ ഒരുപിടി നേട്ടങ്ങൾ കഴിഞ്ഞകാല ഭരണകർത്താക്കൾ നമുക്ക് ഈ സഭയിലൂടെയും ഭരണത്തിലൂടെയും സംഭാവന ചെയ്തിട്ടുണ്ട്. ഇത്രയും സുദൃഢമായ ഒരു മതേതര ജനാധിപത്യ സംവിധാനം നമുക്ക് സംഭാവന ചെയ്ത, നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളും ദീർഘവീക്ഷണമുള്ളവരും ത്യാഗികളുമായ നേതാക്കളുടെ മുൻപിൽ ഞാൻ ശിരസ്സ് നമിക്കുകയാണ്, നമ്മളോരോരുത്തരും അവരുടെ മുൻപിൽ ശിരസ്സ് നമിക്കുകയാണ്. അവരുടെ ദീർഘവീക്ഷണമാണ് 60 വർഷം പിന്നിടുമ്പോൾ ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം, ജാതിയുടെ അതിർത്തികളൊന്നുമല്ല. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കാൻ, അതിലൂടെ മലയാള ഭാഷ സംസരിക്കുന്ന കേരളം എന്ന ഈ മനോഹരമായ സംസ്ഥാനം രൂപീകരിക്കപ്പെടാനും ഇടയായത്. ആ മനോഹരമായ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ, ഉദാഹരണമായി ആരോഗ്യരംഗത്ത്, വിദ്യാഭ്യാസ രംഗത്ത് നമ്മൾ കൈവരിച്ച നേട്ടങ്ങൾ. ആ

നേട്ടങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നമ്മൾ ഒന്നു വിശകലനം ചെയ്യണം. പാവപ്പെട്ടവന് നല്ല ചികിത്സ നിഷേധിക്കുന്ന, സാധാരണക്കാരന് നല്ല ചികിത്സ നിഷേധിക്കുന്ന, പണം ഉള്ളവന് മാത്രം ഉന്നതമായ ചികിത്സ ലഭിക്കുന്ന, വിദ്യാഭ്യാസം ലഭിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അത് നമ്മുടെ ഭരണകർത്താക്കളാൽ പരിഹരിക്കപ്പെടുന്ന ഒരു വിഷയമാണ്. ഇവിടെ നല്ല ആരോഗ്യമുള്ള സമൂഹം ഉണ്ട്, പക്ഷേ ആ സമൂഹത്തിൽ പാവപ്പെട്ടവന് പണ്ടു ലഭിച്ചിരുന്ന സൗജന്യ ചികിത്സ കുറഞ്ഞു വരികയാണ്.

ഈ മനോഹരമായ കേരളത്തെ മാലിന്യങ്ങളുടെ ഒരു വേസ്റ്റ് ബിൻ ആയി, ഇടുന്ന ഒരു അവസ്ഥയുണ്ട്. അങ്ങനെ ചെറുതും വലുതുമായ ഒരു പാട് പ്രതിസന്ധികളുണ്ട്, മാലിന്യ സംസ്കരണം ഒരു വലിയ പ്രതിസന്ധിയാണ്, അതിൽക്കൂടി നമുക്ക് നഷ്ടപ്പെടുന്ന പരിസ്ഥിതി, കുടിക്കാനുള്ള വെള്ളം, എല്ലാപേർക്കും ശുദ്ധമായ വെള്ളമുണ്ടായിരുന്നു. ദൈവം മനുഷ്യന് കുടിക്കാൻ വെള്ളവും, വായുവും തന്നു. വായു ഒഴിച്ച് എല്ലാം ഇന്ന് നമ്മൾ കാശുകൊടുത്ത് വാങ്ങിക്കുന്ന അവസ്ഥയിലാണ്. സൗജന്യമായി നമ്മുടെ വീട്ടിലെ കിണറ്റിൽ

നിന്ന് കോരിക്കുടിച്ചിരുന്ന വെള്ളം ഇന്ന് കുടിക്കാൻ കൊള്ളാത്തതായി മാറി. അങ്ങനെ മാരകമായ രോഗങ്ങൾക്ക് നമ്മൾ അടിമയാകുമ്പോഴും ആരോഗ്യരംഗം ധനികന് മാത്രമുള്ളതായി മാറുന്നു. നല്ല വിദ്യാഭ്യാസം, പണമുള്ളവന് മാത്രമായി മാറുന്നു., ഇതെല്ലാം അവസാനിക്കണം. അതിന് വലിയ മാറ്റങ്ങളുണ്ടാകണം നമ്മുടെ നാട്ടിന് വരുന്ന ഏറ്റവും വലിയ പ്രതിസന്ധി, ഒരു രാജ്യത്തിന്റെ പുരോഗതി, നാടിന്റെ പുരോഗതി തടസ്സപ്പെടുന്ന രണ്ട് സാഹചര്യങ്ങളാണ്. ഒന്ന് വർഗ്ഗീയതയും, ഫാസിസവുമാണ്, മറ്റൊന്ന് അഴിമതിയാണ്. ഇത് രണ്ടും നിർമ്മാർജ്ജനം ചെയ്യാൻ നമ്മുടെ ഭരണകൂടത്തിന് കഴിയണം. 14-ാം കേരള നിയമസഭ കൂടുമ്പോൾ, ഇന്നത്തെ മുഖ്യമന്ത്രിക്ക് അക്കാര്യത്തിൽ പ്രതിപക്ഷ നേതാവ് അടക്കമുള്ളവരുടെ പിൻതുണ ലഭിച്ചിട്ടുണ്ട്, ഇന്നത്തെ ഈ ചർച്ചയിൽ. ഇത്തരത്തിൽ, ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഭരണപരിഷ്കരണത്തിൽ വലിയ ഒരു മാറ്റം ഉണ്ടാകണം. സാധാരണക്കാരന്റെ വിഷയങ്ങൾ ഫയൽ കെട്ടുകളായി, കെട്ടുകളായി കംപ്യൂട്ടറിൽ പ്രവേശിച്ചും, പുറത്തിറങ്ങിയും നിരങ്ങി നീങ്ങുകയാണ്, സെക്രട്ടേറിയറ്റിലും മറ്റു ഓഫീസുകളിലും. പല പല

തട്ടുകളിലായി നീങ്ങി സാധാരണക്കാരന്റെ വിഷയങ്ങൾക്ക് പരിഹാരമുണ്ടാകാതെ പോകുന്ന ഈ ഫയൽ സംവിധാനത്തിന് ഒരു മാറ്റമുണ്ടാകണം. ഐ.ടി. രംഗത്ത് ലോകം കൈവരിച്ച നേട്ടങ്ങൾ നമ്മൾ കാണുകയും, അത് പകർത്തുകയും ചെയ്യണം. അടിയന്തരമായി സെക്രട്ടേറിയേറ്റ് പോലും പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് 60 വർഷം പിന്നിടുന്ന കേരളത്തിന്റെ ഏറ്റവും വലിയ ദൗർബല്യമാണ്. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് പരിപൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വേണമെന്ന് വിചാരിച്ചാൽ 6 മാസം കൊണ്ട് ചെയ്യാവുന്ന കാര്യമാണത്. അത്തരം കാര്യങ്ങൾ ചെയ്തുകൊണ്ട്, ഈ അഴിമതി എന്നു പറയുന്നത് രണ്ടാമത്തെ ഭൂതമാണ്. വർഗ്ഗീയത പോലെ തന്നെ മറ്റൊരു ഭൂതമാണ്. രാജ്യ പുരോഗതിക്ക്, നാടിന്റെ നന്മക്ക് ദോഷം ചെയ്യുന്ന ഒരു കാര്യത്തെ തടയുവാൻ പോലീസ് ആളെ പിടിച്ചതുകൊണ്ടോ വീട് പരിശോധിച്ചതുകൊണ്ടോ കാര്യമില്ല. അതിന് അഴിമതി ചെയ്യാനുള്ള അവസരം ഇല്ലാതാക്കുക എന്നുള്ളതാണ്. അതിന് ഐ.ടി. അടക്കമുള്ള രംഗങ്ങളിലെ നേട്ടങ്ങൾ നമ്മൾ ഉപയോഗിച്ചുകൊണ്ട് അഴിമതി നടത്താനുള്ള

എല്ലാ അവസരവും ഒഴിവാക്കണം. വീട് തുറന്നിട്ടിട്ട് പോയപ്പോൾ കള്ളൻ മോഷണം നടത്തിയെന്ന് പോലീസിൽ പരാതി പറയുന്നതിനേക്കാൾ നല്ലത്, വീട് പൂട്ടിയിട്ടിട്ട് പോയാൽ കള്ളൻ കയറാതിരിക്കും. അപ്പോൾ ആ വീട് പൂട്ടിയിടാനുള്ള സംവിധാനം നമ്മൾ ഉണ്ടാക്കണം. അതുപോലെ മോഷണം നടത്താനും, അഴിമതി നടത്താനുമുള്ള അവസരങ്ങൾ കുറച്ചുകൊണ്ട് നമ്മുടെ ഭരണ സംവിധാനത്തിൽ സമഗ്രമായ ഒരു മാറ്റങ്ങൾ കൊണ്ടുവരണം. ഫയലുകൾ വച്ചു താമസിപ്പിക്കുന്നത് അടക്കമുള്ള ഉദ്യോഗസ്ഥൻമാരുടെ ജനദ്രോഹപരമായ നടപടികൾ പരിഹരിക്കാൻ 60 വർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ കേരളത്തിന് കഴിഞ്ഞാൽ, 14-ാം കേരള നിയമസഭയുടെ, ഇന്നത്തെ സർക്കാരിന്റെ ഏറ്റവും ചരിത്രപരമായ ഒരു ധർമ്മമായി കണ്ടുകൊണ്ട് മുന്നോട്ട് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എല്ലാപേരെയും ഇന്ത്യക്ക് അകത്തും പുറത്തും ജോലി ചെയ്തുകൊണ്ട് കേരളമെന്ന ഈ സംസ്ഥാനത്തെ സംപുഷ്ടമാക്കുന്ന എല്ലാപേരുടേയും സേവനങ്ങളെ വളരെ സ്നേഹത്തോടെ സ്മരിക്കുകയും ജാതിയും മതവുമില്ലാത്ത ശ്രീനാരായണ ഗുരുദേവൻ, അയ്യൻകാളി, ചട്ടമ്പിസ്വാമി, മന്നത്തു പത്മനാഭൻ തുടങ്ങിയവർ മുന്നോട്ട് വച്ച പരിഷ്കൃതമായ

സമൂഹത്തിന് അനുയോജ്യമായ എല്ലാ ആശയങ്ങളും പുരോഗമന ആശയങ്ങളും മുന്നിലെടുത്തുകൊണ്ട് നമ്മൾ മുന്നോട്ട് പോകണം, നമ്മുടെ മതേതരത്തെ മുൻനിർത്തി, എല്ലാപേരും സുഹൃത്തുക്കളാണ്, എല്ലാപേരും സഹോദരൻമാരാണ് എന്ന് കണ്ട് ജീവിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ എല്ലാ പൊതുപ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും സാഹിത്യപ്രവർത്തകരും ഒരുമിച്ച് ശ്രമിച്ചാൽ നടക്കുമെന്ന് എനിക്ക് സംശയമില്ല. വലിയ സംഭാവനകൾ മലയാള ഭാഷയ്ക്ക് നൽകിയ സാഹിത്യകാരൻമാരേയും സാംസ്കാരിക നായകൻമാരേയുംകൂടി ഈ അവസരത്തിൽ ഓർത്തുകൊണ്ട് എല്ലാപേർക്കും കേരളപ്പിറവിയുടെ 60-ാം ജന്മദിന ആശംസകൾ നേർന്നു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, കേരളത്തിന് 60 വയസ്സ് തികയുന്ന ഈ വേളയിൽ ഈ സഭയിൽ ഒന്നു രണ്ടു വാക്ക് സംസാരിക്കാൻ അവസരം ലഭിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. 1942-ൽ ക്വിറ്റ് ഇന്ത്യാ സമരം നടത്തിയപ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ ആവേശത്തിൽ ഒരു

വേലിയേറ്റമുണ്ടായിരുന്ന മലബാർ ഭാഗത്ത്, പഠിച്ച സ്കൂളിലെ ചെറിയ ഒരു വിദ്യാർത്ഥി എന്ന നിലയിൽ ആ ക്വിറ്റ് ഇന്ത്യാ സമരത്തിന് പിന്തുണയുമായി അതിനുവേണ്ടി പങ്കുവഹിച്ചത് സഫലമായി, അത് ഇന്നിപ്പോൾ ഈ രീതിയിൽ വളർന്നിരിക്കുന്നു എന്നു കാണുന്നതിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ട്. ഇവിടെ അതിനുശേഷമുള്ള ചരിത്രങ്ങൾ മുഴുവൻ ഓരോ പാർട്ടിയും അവരുടെ കാഴ്ചപ്പാട് അനുസരിച്ച് അവതരിപ്പിക്കുന്നുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ ഒരു കാര്യം എല്ലാപേരും ഇവിടെ ചൂണ്ടിക്കാണിച്ചത്, ഇവിടെ വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ട ആൾക്കാരുണ്ട് അതുകൊണ്ട് വലിയ ഭീതി സംഭവിച്ചിരിക്കുന്നു, അപകടമുണ്ടായിരിക്കുന്നു എന്നുള്ള ഒരു ആശങ്ക ചില ആൾക്കാർ പ്രകടിപ്പിക്കുന്നത് കണ്ടു. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. വിദേശങ്ങളിൽ നിന്ന് വിവിധ മതങ്ങളുമായി ബന്ധപ്പെട്ട ആൾക്കാർ ഈ കേരളത്തിൽ വരികയും അവരെ കൈനീട്ടി സ്വാഗതം ചെയ്യുകയും ചെയ്ത് ആദ്യത്തെ മുസ്ലീം പള്ളി ഇന്ത്യയിലുണ്ടായത് കേരളത്തിലാണ്. ആദ്യത്തെ ക്രിസ്ത്യൻപള്ളിയുണ്ടായത് കേരളത്തിലാണ്,

അവരെ കൈനീട്ടി കേരളം സ്വാഗതം ചെയ്തു, ഇന്നും ആ സൗഹൃദം നിലനിൽക്കുന്നുണ്ട്. അതിന് യാതൊരു കോട്ടവും അടിസ്ഥാനപരമായി വന്നിട്ടില്ല. ഇന്നുണ്ടായിട്ടുള്ള ഈ അവസ്ഥയ്ക്ക് കാരണം ഏതെങ്കിലും രാഷ്ട്രീയക്കാരോ ഏതെങ്കിലും ഇസമോ അല്ലാ എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഈ നാട്ടിൽ പരമ്പരാഗതമായി നിലനിന്നിരുന്ന സംസ്കാരം, മതത്തിനും ജാതിക്കുമതീതമായി നിലനിന്നിരുന്ന നമ്മുടെ സംസ്കാരം, ധർമ്മത്തിൽ ഊന്നി നിന്നിരുന്ന സംസ്കാരം അതാണ് എല്ലാപേർക്കും സംരക്ഷണവും, എല്ലാപേർക്കും തുല്യനീതിയും നൽകിയിട്ടുള്ളത്. അത് നിലനിൽക്കണമെന്നാണ് ആഗ്രഹമുള്ളത്. നിർഭാഗ്യവശാൽ ഇപ്പോൾ സംഘർഷത്തെപ്പറ്റി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതാണ്ട് 50 ശതമാനത്തോളം വ്യത്യസ്ത ന്യൂനപക്ഷങ്ങളുള്ള കേരളത്തിൽ വർഗ്ഗീയ സംഘർഷം നടക്കുന്നില്ല, പക്ഷേ രാഷ്ട്രീയ സംഘർഷം നടക്കുന്നുണ്ട്, അതിന് കാരണം മതമല്ല. രാഷ്ട്രീയമാണ്. ആ രാഷ്ട്രീയത്തിൽ വാസ്തവത്തിൽ നമ്മുടെ ചിന്താഗതിയിലും പ്രവർത്തന ശൈലിയിലും സമരത്തിന്റേയും സംഘർഷത്തിന്റേയും സംഘട്ടനത്തിന്റേയും സ്ഥാനത്ത് സഹകരണത്തിന്റേയും

കൂട്ടായ്മയുടേയും സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും ഒരു രാഷ്ട്രീയ ശൈലി നമ്മൾ വളർത്തിയെടുക്കാൻ ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും ഈ നാട് ദൈവത്തിന്റെ നാടായി തന്നെ തുടരും. ഇന്ന് നേട്ടങ്ങൾ ഒന്നും ഉണ്ടായിട്ടില്ലായെന്ന് ആർക്കും പറയാൻ സാധ്യമല്ല. ചില രംഗങ്ങളിൽ നേട്ടമുണ്ടായിട്ടുണ്ട്, പക്ഷേ അടിസ്ഥാന ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭക്ഷണം കിട്ടുന്ന കാര്യത്തിലും തൊഴിൽ കിട്ടുന്ന കാര്യത്തിലുമൊക്കെ നമ്മൾ വളരെയേറെ ഇനിയും മുന്നോട്ട് പോകാനായിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽ വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ളത് നമ്മുടെ കേരളത്തിലാണ്. നിർഭാഗ്യവശാൽ ദൈവം കനിഞ്ഞ് അനുഗ്രഹിച്ച് തന്നിട്ടുള്ളതായ വിഭവങ്ങളെ വേണ്ട രീതിയിൽ ഒത്തിണക്കിക്കൊണ്ട് പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നമ്മൾ പരാജയപ്പെട്ടിരിക്കുന്നു. ഇതിന് ഒരു മാറ്റം വരുത്തണം, മാറ്റം വരുത്താൻ ഈ 60 കൊല്ലം തികയുന്ന അവസരത്തിൽ എന്ത് നേടി, എന്ത് നേടിയില്ല എന്നല്ല ചിന്തിക്കേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഭാഷാ അടിസ്ഥാനത്തിലാണ് ഈ സംസ്ഥാനം

രൂപീകരിച്ചത്. പക്ഷേ ആ മാതൃഭാഷ പഠിക്കാതെ ഇന്ന് ഡിഗ്രിയെടുക്കുകയും സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ മിക്കതും ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുകയും കോടതികളിൽ പാവപ്പെട്ടവന്റെ കാര്യങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ കൈകാര്യം ചെയ്യുന്നതുമായ ദുർഗതി ഇന്നും തുടരുന്ന എന്നുള്ളത് അപമാനകരമായ സാഹചര്യമാണ്. ഇതിനൊക്കെ ഒരു മാറ്റം വരുത്തേണ്ടതുണ്ട്. അതിലേക്ക് നമ്മുടെ ശ്രദ്ധതിരിഞ്ഞ് നമ്മൾ എവിടെപ്പോയി, എന്തു പറ്റിയെന്നതിനെക്കുറിച്ച്, കക്ഷിരാഷ്ട്രീയത്തിനും ലാഭനഷ്ടക്കണക്കിനുമല്ലാതെ, ഭാവാത്മകമായ രീതിയിൽ പ്രവർത്തനം നടത്താൻ സത്യസന്ധമായി ഒരു തുറന്ന ചിന്തനം നടത്തേണ്ടതുണ്ട്. അങ്ങനെ ചെയ്യുകയാണെങ്കിൽ തീർച്ചയായും ഇതിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് നമുക്ക് ശോഭനമായ ഭാവിയുണ്ടാക്കാൻ സാധിക്കുമെന്ന പൂർണ്ണ വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് എല്ലാപേർക്കും ആശംസകൾ നേരുന്നു, നമസ്കാരം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ രേഖപ്പെടുത്തിയ

അഭിപ്രായത്തിനപ്പുറം കൂടുതലൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വജ്രജൂബിലിയുടെ വജ്രശോഭയിൽ നിറഞ്ഞുനിൽക്കുന്ന കേരളത്തിന് ഓർക്കാനും ഓമനിക്കാനും കഴിയുന്ന അനുഭവങ്ങളും അനുഭൂതികളും ഏറെയുണ്ട്. കേരളപ്പിറവിക്കുശേഷം ആദ്യമായി അധികാരത്തിൽ വന്ന ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം തൊട്ട് ഇന്ന് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന ഈ ഭരണകാലഘട്ടംവരെയുള്ള നിരവധി സംഭവവികാസങ്ങളും ചരിത്രങ്ങളും ഭാരതത്തിന്റെതന്നെ ചരിത്രമായി മാറുകയാണ്. ഈ നിയമസഭയുടെ ഐതിഹാസികമായ പ്രവർത്തനങ്ങളും തീരുമാനങ്ങളും കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സഭയുടെ ആന്തരികവും ബാഹ്യവുമായ കരുത്തും ചൈതന്യവും ശക്തിപ്പെടുത്തുന്നതിനുള്ള ആലോചന നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. ഈ നിയമസഭാ തെരഞ്ഞെടുപ്പിലുണ്ടായ രാഷ്ട്രീയമാറ്റം ഇന്ത്യൻ ദേശീയ രാഷ്ട്രീയം നേരിട്ടുകൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങൾക്കുള്ള ഒരു സന്ദേശമാണ്. ആ സന്ദേശമുൾക്കൊണ്ടുകൊണ്ട് നമുക്ക് പ്രവർത്തിക്കാൻ കഴിയുമാറാകട്ടെ എന്നുമാത്രം ഈ സന്ദർഭത്തിൽ പറയുവാൻ ആഗ്രഹിച്ചുകൊണ്ട് ഐക്യ കേരളത്തിന്റെ സമാരംഭത്തിനുവേണ്ടി പ്രവർത്തിച്ച

നിരവധി ജനകീയ മുന്നേറ്റങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ വേദിയിൽ ജീവാർപ്പണം ചെയ്ത രക്തസാക്ഷികളെ അനുസ്മരിച്ചുകൊണ്ടും എന്റെ വാക്ക് നിർത്തുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കേരള സംസ്ഥാനം രൂപീകൃതമായതിന്റെ 60-ാം വാർഷിക ദിനത്തിലാണ് നമ്മൾ നിൽക്കുന്നത്. സ്വതന്ത്ര ഇന്ത്യ പിറന്നതിനുശേഷമാണ് ഐക്യ കേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭം തുടങ്ങിയത്. തിരുവിതാംകൂറും കൊച്ചിയും മലബാറും മലയാളഭാഷയുടെ പൊതുവായ കണ്ണിയിൽ ചേർന്ന് കേരളമാകണമെന്ന വികാരത്തിൽ അലയടിച്ചു. അങ്ങനെ 1956 നവംബർ ഒന്നിന് കേരളം പിറന്നു. വൈകാതെ നടന്ന തെരഞ്ഞെടുപ്പിൽ ലോകത്തിന്റെ ശ്രദ്ധനേടി ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്നു. പല മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾക്ക് ആ ഭരണം തുടക്കം കുറിച്ചു. ഭൂപരിഷ്കരണത്തിലും വിദ്യാഭ്യാസ രംഗത്തും വലിയ മാറ്റവും മുന്നേറ്റവും ഉണ്ടായി. ഭൂമിയില്ലാത്തവർക്ക് പത്ത് സെന്റ് ഭൂമി ലഭിച്ചതും സാർവ്വത്രികവിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നിവയ്ക്ക് മുൻതൂക്കം ലഭിച്ചതും കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും

വേറിട്ടുനിർത്തി. 60 വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തിന്റെ ഭൗതിക ജീവിത സാഹചര്യങ്ങളിലെ വളർച്ച കണ്ടില്ലെന്ന് നടിക്കാൻ കഴിയുന്നില്ല. എങ്കിലും ഗൗരവമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്. ജാതിമത വിഭാഗീയ ചിന്ത അപകടകരമായ വിധത്തിൽ വളർന്നുവരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആധുനികവൽക്കരണം കടന്നുവരുന്നു. ഇതിന്റെ ഫലമായി സംഭവിക്കുന്ന പാരിസ്ഥിതിക മലിനീകരണം, സാമൂഹിക ബന്ധങ്ങളുടെ തകർച്ച തുടങ്ങിയവ ഉദാഹരണങ്ങളാണ്. കേരളത്തിന്റെ ദിശാബോധത്തിൽ വലിയൊരു മാറ്റമുണ്ടാകണം. ഒരുതരം നിസ്സംഗത, അരാഷ്ട്രീയത എന്നിവ സമൂഹത്തെ ബാധിച്ചിട്ടുണ്ട്. ഇതൊന്നും നേരെയാവില്ല എന്നൊരു തോന്നൽ വ്യാപകമാണ്. കേരള വികസന മാതൃക മുന്നോട്ട് പോകണം. അതിന് കഴിയുന്ന തരത്തിൽ നവകേരള സൃഷ്ടിയെന്ന കാഴ്ചപ്പാടിലെത്തിച്ചേരണം. തടസ്സമായതെന്തും ധീരമായി നേരിടണം അതായിരിക്കണം പുതിയ നവോത്ഥാനം. കേരളത്തിന്റെ ഭരണ നേതൃത്വത്തിന് അതിന് കഴിയും. അങ്ങനെയാണ് ജനങ്ങളും വ്യക്തിപരമായി ഞാനും വിശ്വസിക്കുന്നത്. അതുകൊണ്ട് 60-ാം പിറന്നാളിന് എല്ലാ ആശംസകളും

നേർന്നുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അങ്ങും മുഖ്യമന്ത്രിയും കക്ഷി നേതാക്കളുമെല്ലാം ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. നാമിന്ന് കേരള ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലുകൂടി പിന്നിടുകയാണ്. ഐക്യ കേരളം 60 ആണ്ട് പിന്നിടുന്നതിന്റെ നിറവും നിനവും പ്രകാശവും ചൊരിയുന്ന സന്ദർഭമാണിത്. ഐക്യ കേരളത്തിന് മുമ്പുള്ള നാളുകൾക്കും കേരള പ്പിറവിയുടെ ധന്യ മുഹൂർത്തത്തിനും പിന്നീട് കേരളം മുന്നേറിയ ചരിത്രത്തിന്റെ കയറ്റിറക്കങ്ങൾക്കും സാക്ഷിയും സഹായിയുമാകാൻ അവസരം ലഭിച്ചയാളാണ് ഞാൻ. കേരളപ്പിറവിക്ക് മുമ്പുള്ള നാളുകളിൽ നമുക്ക് മൂന്ന് ചരിത്രമായിരുന്നു. വഴികളും സഞ്ചാരവും മൂന്ന് ദിശകളിലേക്കായിരുന്നു. ഇവിടുത്തെ മനുഷ്യർക്ക് ആ വാക്കിൽ മാത്രമായിരുന്നു യോജിപ്പ്. ദുരാചാരങ്ങളുടെ വേലിക്കെട്ടുകളായിരുന്നു എങ്ങും. ദുർനീതികളുടെ മുൾവഴികളായിരുന്നു എവിടേയും. കവി പാടിയതുപോലെ "നരനുനര നശുദ്ധവസ്തു" ആയിരുന്നു. ഇവിടെ നിന്നാണ് നാം കേരള പിറവിയുടെ പുലർകാലത്തിലേക്ക് എത്തപ്പെട്ടത്. ഒരുപാട് മനുഷ്യരുടെ സഹനത്തിന്റേയും

ത്യാഗത്തിന്റെയും പോരാട്ടങ്ങളുടെയും ഒടുവിലായിരുന്നു അതുണ്ടായത്. ആ ചരിത്രത്തിൽ നവോത്ഥാന നായകരുണ്ട്, കവികളും കലാകാരന്മാരുമുണ്ട്, കമ്മ്യൂണിസ്റ്റ് പോരാളികളുണ്ട്. ഒത്തിരി മഹാമനുഷ്യരുടെ ചോരയും പ്രാണനുമുണ്ട്, ഇതിന്റെയെല്ലാം ഈടുവയ്പ്പിന് മുകളിലാണ് നാം 60-ആണ്ടുകൾക്ക് മുമ്പ് കേരളമെന്ന പ്രിയപ്പെട്ട നമ്മുടെ നാടിനെ പ്രതിഷ്ഠിച്ചത്. പിന്നീട് കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ താങ്ങും തണലുമേറ്റാണ് കേരളം ചരിത്രത്തിന്റെ നേർക്ക് നെഞ്ച് വിരിച്ചത്. അത് രാജ്യം മാത്രമല്ല, ലോകമാകെ അത്ഭുതത്തോടും ആഹ്ലാദത്തോടുംകൂടിയാണ് കണ്ടത്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും വിദ്യാഭ്യാസം, സാമൂഹിക ജീവിതത്തിന്റെ സർവ്വ മേഖലകളിലും പുതിയ ഉണർവ്, ഊർജ്ജ പ്രവാഹം ആയിരുന്നു കണ്ടത്. പക്ഷേ അതൊരു നിലയ്ക്കാത്ത ഊർജ്ജപ്രവാഹമായി മുന്നേറാൻ പ്രതിലോമ ശക്തികൾ അനുവദിച്ചില്ലായെന്നത് അറുപതാണ്ട് ചരിത്രത്തിനിടയിലെ കളങ്കമായി മാറി. എന്നാൽ പിന്നീട് നാം മുന്നേറി. സമ്പൂർണ്ണ സാക്ഷരതനേടി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ നാം ഞെട്ടിച്ച് അധികാര വികേന്ദ്രീകരണത്തിന് ജനകീയാസൂത്രണത്തിന്റെ കിന്നരികൾ നാം തുന്നിച്ചേർത്തു. അതുവഴി

പ്രാദേശിക വികസനത്തിന് പുതിയ സാദ്ധ്യതകൾ നാം കണ്ടെത്തി. ഇപ്പോൾ അറുപതാണ്ടിന്റെ പക്വതയിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ഇതൊരു കണക്കെടുപ്പിന്റെകൂടി സമയമാണോ? അറുപത് വയസ്സിന്റെ പക്വതയിൽ എത്തുമ്പോൾ നാം വല്ലാതെ പകച്ചുനിൽക്കേണ്ട സ്ഥിതിയാണോ? ഇന്നലെയാണ് നാം ഈ സഭയിൽ കേരളത്തിന്റെ വളർച്ചയെപ്പറ്റി സംസാരിച്ചത്. മൂവായിരം മില്ലിമീറ്റർ മഴയുടേയും 44 നദികളുടേയും ജലസമൃദ്ധിയിൽ അഭിമാനംകൊണ്ട നമുക്ക് ഇന്നതിന് കഴിയുന്നില്ല. പുഴകളും മലകളും പൂവനങ്ങളും നമുക്ക് കിട്ടിയ സ്ത്രീധനമായിട്ടാണ് കവി പാടിയത്. പക്ഷേ നാം അതെല്ലാം കട്ടുമുടിച്ചു. 'പർവ്വതനിരയുടെ പനിനീര്' എന്ന് പെരിയാറിനെ വാഴ്ത്തിയ കവിയോട് നാം എന്താണ് പറയുക? പമ്പ നമ്മുടെ പുണ്യനദിയെന്ന് പാടിയ കവിഭാവനയോടും നമുക്ക് മാപ്പ് ചോദിക്കേണ്ടിയിരിക്കുന്നു. തമിഴ്നാട്ടിൽനിന്നും ആന്ധ്രാപ്രദേശിൽനിന്നും ഇങ്ങോട്ട് ട്രക്കുകൾ വരാതായാൽ നമ്മുടെ കഞ്ഞികുടിപോലും മുട്ടുന്നസ്ഥിതിയാണ്. ഇത്തരമൊരു ദുഃസ്ഥിതിയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് രണ്ട് പതിറ്റാണ്ടിന് മുമ്പ് ഇവിടുത്തെ

കർഷകത്തൊഴിലാളികൾ നെൽവയൽ സംരക്ഷണ സമരം നടത്തിയത്. എന്നാൽ ആ സമരത്തിന് പിന്നിലെ മനുഷ്യ സ്നേഹപരമായ ദീർഘവീക്ഷണം ആരും കണ്ടില്ല. പ്രതിലോമ ശക്തികളും പല പണ്ഡിത ശ്രേഷ്ഠന്മാരും അവരെ വെട്ടിനിരത്തൽ സമരമെന്ന് പറഞ്ഞ് ആക്ഷേപിക്കുകയായിരുന്നു. ആ സമരത്തിന്റെ ഉദ്ദേശശുദ്ധി കേരളം ഒന്നടങ്കം മാനിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ കുടിവെള്ളം കിട്ടാതാകുന്ന ഇന്നത്തെ ഈ അവസ്ഥ ഇത്രത്തോളം ഭീകരമാകുമായിരുന്നില്ല. ഇന്നിപ്പോൾ നമുക്ക് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെപ്പറ്റി വീണ്ടും ആലോചിക്കേണ്ടി വന്നിരിക്കുന്നു എന്നത് ഓർക്കണം. മാധ്യമങ്ങൾക്ക് കോടതികളിൽ വിലക്ക് കൽപ്പിച്ചിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തിലാണ് നാം കേരളപ്പിറവിയുടെ അറുപത് വർഷം ആഘോഷിക്കുന്നതെന്ന വൈചിത്ര്യം നാം കണ്ടില്ലെന്ന് നടിക്കരുത്. പത്രസ്വാതന്ത്ര്യത്തിനുവേണ്ടി മൂന്നര നൂറ്റാണ്ടുമുമ്പ് വാദിച്ച ചരിത്രമാണ് മനുഷ്യരാശിയുടേത്. അത്തരമൊരു പശ്ചാത്തലത്തിലാണ് 21-ാം നൂറ്റാണ്ടിൽ വലിയ കുതിപ്പുകളിലേക്ക് തയ്യാറായി നിൽക്കുന്ന കേരളത്തിൽ മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടാൻ ശ്രമിക്കുന്നത്. അതും നീതിയും ന്യായവും നടപ്പിലാക്കാൻ ചുമതലപ്പെട്ടവർതന്നെ മാധ്യമങ്ങളെ ആട്ടിയോടിക്കുന്നു എന്നത്

വിരോധാഭാസമാണ്. ഏതെങ്കിലും ചില അഭിഭാഷകരുടെ ദുർവാശിയിൽ നമ്മുടെ ജനാധിപത്യ സംവിധാനത്തിനുതന്നെ കളങ്കം എൽപ്പിക്കുന്ന നടപടി തുടരുന്നത് ആർക്കും ഭൂഷണമല്ല. നമ്മുടെ സഭയിലെ ഒന്നോ രണ്ടോ സാമാജികർ മാധ്യമങ്ങളുമായി തർക്കമുണ്ടാക്കിയാൽ അതിന്റെ പേരിൽ സഭയിലെ പ്രസ്ഗ്യാലറിയിലേക്ക് മാധ്യമ പ്രവർത്തകരെ കയറ്റില്ലെന്ന് തീരുമാനിച്ചാൽ എന്തായിരിക്കും അവസ്ഥ? അതുപോലെ അസംബന്ധമല്ലേ ചുരുക്കം ചില അഭിഭാഷകരുടെ കാർക്കശ്യത്തിനുമുന്നിൽ നമ്മുടെ നീതിനിർവ്വഹണ സംവിധാനത്തിന്റെ വാതിലുകൾ പൂർണ്ണമായി കൊട്ടി അടയ്ക്കപ്പെടുന്നത്. ഈ സ്ഥിതി തുടർന്നാൽ പണ്ടൊരു കലാകാരൻ പറഞ്ഞതുപോലെ 'നാം നാളെയുടെ നാണക്കേട്' എന്ന് ചരിത്രം വിലയിരുത്തുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് കേരളപ്പിറവിയുടെ 60-ാം വാർഷികത്തിലെ നന്മകൾ ഉൾക്കൊണ്ടുകൊണ്ട് ഈ അസംബന്ധ പ്രവണത അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസും മറ്റ് ന്യായാധിപന്മാരുമടക്കമുള്ള ബന്ധപ്പെട്ട എല്ലാവരും മുന്നിട്ടിറങ്ങണം. വഞ്ചി തിരുനക്കരതന്നെ എന്ന അവസ്ഥ അടിയന്തരമായി ഇല്ലാതാക്കണം. ജാതിമത കാർക്കശ്യങ്ങളുടെ എല്ലാ കാലുഷ്യങ്ങളെയും പരാജയപ്പെടുത്തിയാണ് നാം സഞ്ചരിച്ചുമുന്നേറിയത്. എല്ലാ അസംബന്ധ പ്രവണതകളോടും വിടപറഞ്ഞ് നാം 60-ന്റെ നിറവിൽ എത്തിയതും

അങ്ങനെയാണ്. എന്നാൽ ഇതിനെ പിന്നോട്ടടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു എന്നത് നാം കാണാതിരുന്നുകൂടാ. ഏറ്റവും ഒടുവിൽ കഴിഞ്ഞ ദിവസം മന്ത്രി ശ്രീ. കെ. ടി. ജലീൽ ശബരിമലയിൽ എത്തിയതുമായി ബന്ധപ്പെട്ട് ചിലർ ഉയർത്തിയിരിക്കുന്ന അസംബന്ധ ആക്ഷേപങ്ങൾ അതിന് തെളിവാണ്. അതുകൊണ്ട് 60-ാം ആണ്ടിന്റെ ആഘോഷവേളയിലും നാം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തെ നമുക്ക് ഇനിയും ഉയരങ്ങളിലേക്ക് കൊണ്ടുപോകേണ്ടതുണ്ട്. നിലവിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും നമുക്ക് മുറിച്ചുകടക്കുകതന്നെ വേണം. അതിന് എല്ലാതരത്തിലും ശേഷിയും പ്രതിബദ്ധതയുമുള്ള എൽ.ഡി.എഫ്. സർക്കാരാണ് ഇന്നുള്ളത് എന്നത് കൂടുതൽ പ്രതീക്ഷ ഉളവാക്കുന്നതാണ്. അതിന് എല്ലാവരുടെയും പിന്തുണയും സഹായവും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. "കേരളം വളരുന്നു, പശ്ചിമ ഘട്ടങ്ങളെ കയറിയും കടന്നും ചൈതന്യമാം ദേശങ്ങളിൽ" എന്ന കവി വാക്യം എല്ലാ നിലയിലും സാർത്ഥകമാക്കാൻ നമുക്ക് സാധിക്കണം. അതിന് ഊർജ്ജവും ഉന്മേഷവും പകരുന്നതാകട്ടെ നമ്മുടെ വജ്രകേരളം പരിപാടി. കേരളപ്പിറവിയുടെ വജ്രജൂബിലി ആഘോഷങ്ങൾക്കും അതിന്റെ ഭാഗമായുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സർവ്വവിധ വിജയങ്ങളും ആശംസിച്ചുകൊണ്ട് ഞാൻ

നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേരളപ്പിറവിയുടെ 60-ാം വാർഷികം നമ്മളെല്ലാം അഭിമാനപൂർവ്വം കൊണ്ടാടുകയാണ്. നമ്മളെ ഇവിടെ എത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ സാരഥികളെയും നന്ദിയോടെ സ്മരിക്കുകയാണ്. അവർ ഓരോരുത്തരുടെയും പങ്ക് ഈ 60 വർഷത്തെ നേട്ടങ്ങളിൽ അന്തർലീനമാണ്. ഈ 60 വർഷംകൊണ്ട് കേരളം വളരെയേറെ നേട്ടങ്ങൾ നേടിയിട്ടുണ്ട്. പക്ഷെ അതിനെക്കാളൊക്കെ പ്രധാനം നമ്മളെ നമ്മളായി കാണുന്ന, മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി കാണുന്ന മൂന്ന് ഘടകങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് നമ്മുടെ സമുദായ സൗഹാർദ്ദം, രണ്ടാമത്തേത് പുരോഗമന ആശയങ്ങളോട് നമ്മൾ കാട്ടിയ ആഭിമുഖ്യം, മൂന്നാമത്തേത് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ രാജ്യത്തിന് മാതൃകയായി നമ്മൾ നടത്തിയിട്ടുള്ള നടപടികൾ. 60 കൊല്ലത്തെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുമ്പോൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി കേരളത്തെ കാണുന്ന ഈ മൂന്ന് പ്രത്യേകതകളും നമുക്ക് എന്നും കാത്തുസൂക്ഷിക്കാൻ സാധിക്കണം. അതിന് പ്രതിജ്ഞ എടുക്കാൻകൂടി ഈ അവസരം വിനിയോഗിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നമ്മൾ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ നേടിയ നേട്ടം ഇന്ത്യയ്ക്ക് മാത്രമല്ല, ലോകത്തിനുതന്നെ ഒരു അത്ഭുതമാണ്.

പൊതുവിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലയിലും ഇന്റർനാഷണൽ സ്റ്റാൻഡേർഡിൽ നമുക്ക് എത്താൻ സാധിച്ചിട്ടുണ്ട്. കേരളം ഇന്ന് ഡിജിറ്റൽ സ്റ്റേറ്റായി മാറിയിരിക്കുകയാണ്. നമ്മൾ ലക്ഷ്യമിട്ട വലിയ നേട്ടങ്ങൾ നമ്മുടെ ഇനിയുള്ള പ്രവർത്തനങ്ങൾക്ക് ആത്മവിശ്വാസമായി മാറണം. ഈ നേട്ടങ്ങളുടെ നടുവിൽ നമുക്കൊരു കുറവ് സംഭവിച്ചു. അടിസ്ഥാന സൗകര്യ വികസന രംഗത്ത് നമ്മൾ അറിഞ്ഞോ അറിയാതയോ വലിയ വീഴ്ചകൾ വന്നിട്ടുണ്ട്. ഈ അടിസ്ഥാന സൗകര്യ വികസനം നമുക്ക് വർദ്ധിപ്പിക്കണം. അതിലൂടെ കേരളത്തിലെ ടൂറിസം രംഗത്തെ അനന്ത സാധ്യതകൾ നമ്മൾ പ്രയോജനപ്പെടുത്തണം. ഐ.ടി., ഉന്നത വിദ്യാഭ്യാസ രംഗം, ആയുർവേദം ഉൾപ്പെടെയുള്ള ആരോഗ്യ സേവനമേഖലയുടെ പ്രവർത്തന രംഗങ്ങളിൽ നമുക്ക് വൻതോതിലുള്ള മുന്നേറ്റമുണ്ടാക്കണം. സമയത്തിന്റെ പരിമിതി ഉൾക്കൊണ്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെയിരുന്ന് ഈ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് പുറത്തുമുള്ള മലയാളികളുടെ 60 കൊല്ലത്തെ പങ്കാളിത്തം നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. അവരുടെ സാമ്പത്തിക സ്രോതസ്സിലുള്ള പങ്കാളിത്തം മാത്രമല്ല ഞാൻ ഉദ്ദേശിക്കുന്നത്. അവർ കേരളത്തിന് പുറത്തുണ്ടാക്കിയ സൽപ്പേര് അഭിമാനകരമായിട്ടുള്ളതാണ്. അതുപോലത്തന്നെ ലോകത്തെമ്പാടും നടക്കുന്ന

മാറ്റങ്ങൾ കേരളത്തിനും ഉൾക്കൊള്ളുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിന് അവർ വഹിച്ച പങ്ക് വളരെ വലുതാണ്. നമ്മുടെതായ തനത് നേട്ടങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ 60-ാം വാർഷികത്തിൽനിന്ന് കൂടുതൽ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടുപോകുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിച്ച് മുമ്പോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

മി. സ്പീക്കർ: കേരളപ്പിറവിയുടെ 60-ാം വാർഷികാഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ടുചേർന്ന ഈ സഭാസമ്മേളനത്തിൽ കക്ഷിനേതാക്കളെല്ലാം വിലയേറിയ അഭിപ്രായപ്രകടനമാണ് നടത്തിയിട്ടുള്ളത്. ആത്മവിമർശനവും ചരിത്ര വിശകലനവുമെല്ലാം ചേർന്ന ഈ വിലയേറിയ അഭിപ്രായ പ്രകടനങ്ങൾക്ക് ചെയർ നന്ദി അറിയിക്കുന്നു. ഉടൻതന്നെ പൊതുസമ്മേളനം ആരംഭിക്കേണ്ടതുണ്ട്. നമ്മുടെ ക്ഷണിക്കപ്പെട്ട അതിഥികളും മറ്റ് സദസ്സും ഇവിടെ കാത്തിരിക്കുകയാണ്. മുഴുവൻ സാമാജികരും സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി അവിടെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.............ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 2-ാം തീയതി രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.41-ന് പിരിഞ്ഞു.)

*****************